No/9/2020/SRG/LSGD(CC)(5)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.20 ൽ നടന്ന യോഗത്തിന്റെ (ഓൺലൈൻ) നടപടി കുറിപ്പ്.

യോഗം ഉച്ചകഴിഞ്ഞ് 2.30 ന് ഓൺലൈൻ ആയി ആരംഭിച്ചു. ബഹു.തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

21.10.2020 വരെയുള്ള ആകെ പദ്ധതി ചെലവ് 35.47 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 36.78ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പാലക്കാട് ജില്ലയിലും (38.93%) ഏറ്റവും കുറവ് തിരുവനന്തപുരം ജില്ലയിലുമാണ് (33.32ശതമാനം). 94.55കോടി രൂപയുടെ 4041 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 127.28 കോടി രൂപയുടെ 5415ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 36.26 % |
| ബ്ലോക്ക് പഞ്ചായത്ത് | 42.83 % |
| ജില്ലാ പഞ്ചായത്ത് | 41.26 % |
| മുനിസിപ്പാലിറ്റി | 31.72% |
| കോർപ്പറേഷൻ | 26.38% |
| **ആകെ** | 35.47 ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | പാലക്കാട് | 38.93% |
| 2 | വയനാട് | 38.9% |
| 3 | ഇടുക്കി | 37.89% |
| 4 | പത്തനംതിട്ട | 37.09% |
| 5 | തൃശ്ശൂർ | 36.05% |
| 6 | കാസർഗോഡ് | 35.94% |
| 7 | ആലപ്പുഴ | 35.92% |

| | | |
|---|---|---|
| 8 | കോഴിക്കോട് | 35.53% |
| 9 | എറണാകുളം | 35.13% |
| 10 | കോട്ടയം | 34.6% |
| 11 | മലപ്പുറം | 34.55% |
| 12 | കൊല്ലം | 34.26% |
| 13 | കണ്ണൂർ | 33.41% |
| 14 | തിരുവനന്തപുരം | 33.32% |

**പൊതു വിഭാഗം, SCP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCP | TSP | CFC |
|---|---|---|---|
| 45.42% | 36.46% | 36.48% | 22.33% |

**തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും**

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 3704 | 61.92 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 573 | 11.22 |
| 3) ജില്ലാ പഞ്ചായത്ത് | 364 | 20.35 |
| 4) മുനിസിപ്പാലിറ്റി | 591 | 19.29 |
| 5) കോർപ്പറേഷൻ | 183 | 14.49 |
| **ആകെ** | **5415** | **127.27** |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് (ശതമാനം) | | |
|---|---|---|---|
| | പുതിയ പ്രോജക്ടുകൾ | സ്പിൽ ഓവർ പ്രോജക്ടുകൾ | ആകെ |
| 1) ഗ്രാമപഞ്ചായത്ത് | 15.26 | 21.00 | 36.26 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 13.48 | 29.34 | 42.83 |
| 3) ജില്ലാ പഞ്ചായത്ത് | 10.38 | 30.89 | 41.26 |
| 4) മുനിസിപ്പാലിറ്റി | 12.26 | 19.47 | 31.72 |
| 5) കോർപ്പറേഷൻ | 6.59 | 19.79 | 26.38 |
| **ആകെ** | **12.71** | **22.76** | **35.47** |

**മുൻ വർഷങ്ങളിൽ ഒക്ടോബർ 31-ലെ പദ്ധതി ചെലവ്**

| | |
|---|---|
| **2014-15** | 15.3% |
| **2015-16** | 15.09% |
| **2016-17** | 5.75% |
| **2017-18** | 26.99% |
| **2018-19** | 37.18% |
| **2019-20** | 29.47% |
| **2020-21** | 35.47% (As on October 21, 2020 |

പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ പദ്ധതി നിർവ്വഹണം പ്രത്യേകമായി അവലോകനം ചെയ്തുവെന്ന് അറിയിച്ചു. അവലോകനം നടത്തിയതിന്റെ റിപ്പോർട്ട് വകുപ്പുമേധാവികൾ യോഗത്തിൽ അവതരിപ്പിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ (എഫ്.എം.)വകുപ്പ്**

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2 .1 25.02.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

### 2 .1(4.9) കൊടിയത്തൂർ സഹകരണ ബാങ്ക്

**ബഹു. തിരുവമ്പാടി എം.എൽ.എ.യുടെ 05.11.2019-ലെ കത്തും കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ബാങ്ക് പ്രസിഡന്റിന്റെ 04.11.2019-ലെ കത്തും (SRG 216/20)**

കൊടിയത്തൂർ സഹകരണ ബാങ്ക് അമൂൽ കാലിത്തീറ്റയുടെ കോഴിക്കോട് ജില്ലയിലെ വിതരണ ഏജൻസി എടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി അമൂൽ കാലിത്തീറ്റ വാങ്ങുന്നവർക്ക് ലഭിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കാലിത്തീറ്റ സബ്സിഡി സ്കീമിൽ അമൂൽ കാലിത്തീറ്റ വാങ്ങുന്ന കർഷകരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്. കേരള ഫീഡ്സിന്റെയടക്കം കാലത്തീറ്റയുടെ വില നിശ്ചയിക്കുന്നതിൽ വകുപ്പുതല ഇടപെടൽ ഉണ്ടെന്നും Amul കാലിത്തീറ്റയുടെ വിലയിൽ വകുപ്പിന് ഇടപെടാൻ സാധ്യമല്ലെന്നും 27.05.2020-ലെ യോഗത്തിൽ മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ അനുമതി പരിഗണിക്കാവുന്നതല്ല എന്നും ഡയറക്ടർ അറിയിച്ചിരുന്നു.

കേരള ഫീഡ്സ്, അമൂൽ, വകുപ്പ് മുഖേന ഇപ്പോൾ കേരളത്തിൽ നൽകുന്ന മറ്റ് കാലിത്തീറ്റകൾ എന്നിവയുടെ വില താരതമ്യം ചെയ്ത് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഒപ്പം അമൂൽ കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ചും റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകി.

Special Livestock Breeding Programme (SLBP)യ്ക്കു വേണ്ടി കേരള ഫീഡ്സും മിൽമ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വില ഒരു കിലോ ഗ്രാമിന് 22.50 രൂപയാണ്. അമൂൽ കാലിത്തീറ്റയുടെ വില താഴെപ്പറയും പ്രകാരമാണ്.

| | | | | |
|---|---|---|---|---|
| (i) | അമൂൽ ന്യൂട്രിറിച്ച് | - | 27.00 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (ii) | അമൂൽ ശക്തി | - | 25.50 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (iii) | അമൂൽ പൗഡർ ഡാൻ | - | 23.90 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (iv) | വർദൻ (കാഫ് സ്റ്റാർട്ടർ) | - | 28.60 രൂപ | (ഒരു കിലോ ഗ്രാമിന്) |

അമൂൽ കാലിത്തീറ്റിയുടെ ഗുണനിലവാരം മണ്ണുത്തി വെറ്റിനറി കോളേജിൽ പരിശോധിച്ചുവെന്നും കേരള ഫീഡ്സ്, മിൽമ കാലിതീറ്റകളെക്കാൾ ഗുണനിലവാരം കുറവാണ് അമൂൽ കാലിതീറ്റയ്ക്കെന്നും മൃഗസംരക്ഷണ ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം:-** മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കൊടിയത്തൂർ സഹകരണ ബാങ്കിന്റെ ആവശ്യം നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.2) 24.06.2020 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2 .2(3.12) ഐ.കെ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നടത്തുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി യിരുന്നു. സോഫ്റ്റ് വെയർ സംബന്ധമായ പ്രശ്നങ്ങളും ഐ.കെ.എം.ൽ അത്യാവശ്യം വേണ്ട മാറ്റങ്ങളും ചർച്ച ചെയ്യാനും പഠിക്കാനും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിലെ സാങ്കേതിക വിദഗ്ദ്ധരെ അതത് സ്ഥാപനങ്ങൾ നോമിനേറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറെ കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തി.

മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ച പ്രകാരം ഈ കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്. ഈ കമ്മിറ്റിയുടെ യോഗം 20.10.2020 ന് കൂടിയെന്നും എന്നാൽ വിശദമായ ഒരു ചർച്ച നടത്തിയില്ലന്നും ഐ.കെ.എം പ്രതിനിധി അറിയിച്ചു. വിശദമായ ഇടക്കാല റിപ്പോർട്ട് അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ നൽകാമെന്ന് ഐ.കെ.എം. പ്രതിനിധി അറിയിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

**2.3 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3(3.7)** ബഡ്സ് സ്കൂളിന്റേയും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളുടേയും പ്രവർത്തനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുക അപര്യാപ്തമാണെന്നും പലപ്പോഴും ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും കോഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തി. ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതംവയ്ക്കാൻ അനുമതിയുണ്ടെങ്കിലും ദൈനംദിന പ്രവർത്തനത്തിന് ഫണ്ടിന്റെ കുറവുണ്ട്. ഈ സാഹചര്യത്തിൽ ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ പ്രവർത്തനം, ഫണ്ടിന്റെ ലഭ്യത, മറ്റു പ്രശ്നങ്ങൾ ഇവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയതു പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് 12.08.2020 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ നല്കിയിരുന്നു.

**റിപ്പോർട്ട്** (i) സംസ്ഥാനത്ത് നിലവിൽ 293 ബഡ്സ് സ്കൂളുകളാണ് (140 ബഡ്സ് സ്കൂളുകളും 153 റിഹാബിലിറ്റേഷൻ സെന്ററുകളും) പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലെല്ലാമായി 9,002 പരിശീലനാർത്ഥികളാണ് പരിശീലനം നേടുന്നത്. 530 അധ്യാപകരും 397 ആയമാരും, 118 പാചക തൊഴിലാളികളും സേവനം ചെയ്യുന്നുണ്ട്.

**(ii) ഫണ്ട് വിനിയോഗം**

07.02.2018 തീയതിയിലെ സ.ഉ.(എം.എസ്) നം.20/2018/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള അദ്ധ്യാപകർക്ക് 30,675 രൂപയും അംഗീകാരം ഇല്ലാത്ത അദ്ധ്യാപകർക്ക് 23,100/- രൂപയും ആയമാർക്ക് 17,325/- രൂപയും ആണ് വേതനമായി നൽകേണ്ടത്. കൂടാതെ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനായി കുക്ക്, വാഹനം സ്വന്തമായുള്ള സ്ഥാപനങ്ങളിൽ ഡ്രൈവർ, ഫിസിയോ തെറാപ്പി നൽകുന്നതിനായി സ്ഥിരമായോ ആഴ്ചയിൽ 2, 3 ദിവസങ്ങളിലോ തെറാപ്പിസ്റ്റുകളും സേവനം അനുഷ്ഠിക്കുന്നുണ്ട്. കുക്ക്, ഡ്രൈവർ, തെറാപ്പിസ്റ്റ് തുടങ്ങിയവർ ദിവസവേതാനാടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. ഈ ചെലവുകൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ് വഹിക്കേണ്ടത്.

2017 നുശേഷം പുതിയതായി ആരംഭിച്ച 200 ബഡ്സ് സ്ഥാപനങ്ങൾക്ക് സർക്കാർ കുടുംബശ്രീ മുഖേന രണ്ട് ഗഡുക്കളായി 25 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇങ്ങനെ പുതിയതായി ആരംഭിക്കാൻ താല്പര്യം അറിയിച്ച 200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒന്നാം ഗഡുവായി 12.5ലക്ഷം രൂപ കുടുംബശ്രീ നൽകിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്.

**(iii) ബഡ്സ് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ**

- ഒരു അദ്ധ്യാപിക, ആയ, കുക്ക്, ഡ്രൈവർ, ഫിസിയോ തെറാപ്പിസ്റ്റ് എന്നിവർ സേവനം അനുഷ്ഠിക്കുന്ന സ്ഥാപനങ്ങൾക്ക് ഏകദേശം 10 ലക്ഷം രൂപയോളമാണ് ഒരു വർഷത്തേയ്ക്ക് ചെലവ് വരുന്നത്. ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് ഈ തുകയിൽ മാറ്റം വരും. തനത് ഫണ്ട് കുറവുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്രയും തുക മാറ്റി വയ്ക്കുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതിനാൽ ജീവനക്കാർക്ക് കൃത്യമായി വേതനം ലഭിക്കാത്ത അവസ്ഥ നിലവിൽ ഉണ്ട്. 98 സ്ഥാപനങ്ങളിൽ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന വേതനം നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്.
- പല ബഡ്സ് സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വികസിക്കേണ്ടതായിട്ടുണ്ട്. 182 പഴയ ബഡ്സ് സ്ഥാപനങ്ങളാണ് ഉണ്ടായി രുന്നത്. ഇവയിൽ പലതിനും അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയുണ്ട്. ഈ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 2020-21 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ 2 ലക്ഷം രൂപ വീതം കുടുംബശ്രീ വകയിരുത്തിയിട്ടുണ്ട്.
- ഫണ്ടിന്റെ അപര്യാപ്തതയാണ് മിക്കവാറും ബഡ്സ് സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം.

തുടർന്ന് 23.09.20 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സമഗ്രമായ ഒരു കർമ്മ പരിപാടി തയ്യാറാക്കി നൽകാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുതമലപ്പെടുത്തി. ബഡ്സ് സ്ഥാപനങ്ങളുടെ പരിപാലനത്തിനുള്ള പരിപാലന കമ്മിറ്റിയുടെ

പ്രവർത്തനം  കാര്യക്ഷമമാക്കു ന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശവും ഉണ്ടാകണം എന്നു നിർദ്ദേശിച്ചിരുന്നു.

ഇതനുസരിച്ച് ബഡ്സ് സ്കൂളിന്റെ നടത്തിപ്പ് മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച വിശദമായ കർമ്മ പദ്ധതികളും ബഡ്സ് വികസന മാനേജ്മെന്റ് സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു. പദ്ധതി മാർഗ്ഗരേഖ പരിഷ്കരിക്കുമ്പോൾ ഈ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാനും ഇത് തദ്ദേശഭരണസ്ഥാപനങ്ങളുടെ അസോസിയേഷൻ ഭാരവാഹികൾ, സാമൂഹ്യനീതി, വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി വിശദമായി ചർച്ച ചെയ്യാനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച കരട് റിപ്പോർട്ട്  പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കും എസ്.ആർ.ജിക്കും നൽകാനും യോഗം നിർദ്ദേശിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

**2.3(3.8)** വൃക്ക രോഗികൾക്ക് ഡയാലിസിസിന്  ധനസഹായം നൽകുന്നതിന് പല തദ്ദേശഭരണ സ്ഥാപനങ്ങളും  പ്രോജക്ട് എടുക്കാറുണ്ട്.  ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടു കൂടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് നടപ്പാക്കുന്നത്. ഈ ധനസഹായം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാവുന്നതല്ല.  ഇത് ബന്ധപ്പെട്ട ആശുപത്രി മുഖേനയാണ്  നൽകുന്നത്. ഈ രീതി തദ്ദേശഭരണ സ്ഥാപനങ്ങൾ തുടരേണ്ടതാണ്. ആഴ്ചയിൽ പരമാവധി 1000/- രൂപ ക്രമത്തിൽ പ്രതിമാസം 4000/- രൂപ വരെ പരമാവധി  നൽകുന്ന രീതിയിലാണ് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുള്ളത്. ഈ നിരക്ക്  പുനഃപരിശോധിക്കണോ എന്ന്  പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതുപ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ഈ നിരക്ക് പുനപരിശോധിക്കേണ്ടതില്ലെന്നും പ്രതിമാസം 4000/- രൂപ എന്നത് മതിയായ നിരക്കാണെന്നും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു

**തീരുമാനം:-** വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ട് വയ്ക്കാറുണ്ട്. ഇവ കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനു മതിയോടെയാണ് നടപ്പാക്കുന്നത്. ഇങ്ങനെ അനുമതി നൽകുമ്പോൾ ഈ നിരക്ക് തന്നെ (പ്രതിമാസം പരമാവധി 4000/- രൂപ) തുടരാൻ തീരുമാനിച്ചു. ഈ തുക ഗുണഭോക്താവിനു നേരിട്ടു നൽകുന്നതല്ല. ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് അതത് നിർവ്വഹണ

ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസർ) കൈമാറേണ്ടതാണ്. ഇങ്ങനെ തുക കൈമാറുന്ന രീതിയിൽ കാലതാമസമൊഴിവാക്കേണ്ടതാണ്.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

2.3(3.9) സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് തൊഴിലാളികളെ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്. ഈ പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ 5 വർഷം എത്ര തുക മാറ്റി വച്ചു, എത്ര ചെലവഴിച്ചു തുടങ്ങിയ വിവരങ്ങൾ ശേഖരിക്കണം. കൂടാതെ ഇവിടെ എത്ര പേർക്കാണ് വീട് വച്ചു നൽകേണ്ടത്, കഴിഞ്ഞ 5 വർഷക്കാലങ്ങളിൽ ഇവിടെ ലക്ഷ്യമിട്ടത് എത്രയാണ്, എത്ര പൂർത്തീകരിച്ചു എന്നീ വിവരങ്ങൾ അടിയന്തിരമായി ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ നൽകണം. ഇതിന്മേൽ ആവശ്യമായ വിവരങ്ങൾ ഐ.കെ.എം. ലഭ്യമാക്കണം.

പഞ്ചായത്ത് ഡയറക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും മുഖേന ലഭിച്ച ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് പ്രകാരം ആകെ 132 ഗ്രാമപഞ്ചായത്തുകളാണ് തോട്ടം മേഖലയിലുള്ളത്. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഭവന നിർമ്മാണത്തിന് വകയിരുത്തിയിരിക്കുന്നതും ചെലവഴിച്ചതുമായ തുക കണക്കാക്കിയിട്ടുണ്ട്. (ഐ.കെ.എം. കണക്കു പ്രകാരം)

**പട്ടിക 1**

| **വർഷം** | **വകയിരുത്തിയ തുക (രൂപ ലക്ഷം)** | **ചെലവ് തുക (രൂപ ലക്ഷം)** | **ശതമാനം** |
|---|---|---|---|
| 2017-18 | 9926.76 | 6787.41 | 68.37 |
| 2018-19 | 16845.81 | 14692.93 | 87.22 |
| 2019-20 | 14620.41 | 11119.69 | 76.06 |
| 2020-21 | 13641.97 | 2603.58 | 19 |

തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താനുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്യും താഴെ തലത്തിൽ വിശദമായ പരിശോധന നടത്തിയും റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

ഈ വിഷയം പ്രാദേശിക തലത്തിൽ പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ സഹിതമുള്ള വിശദമായ റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് ലഭ്യമാക്കാം എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

**തീരുമാനം:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ബഹു. തൊഴിൽ വകുപ്പ് മന്ത്രി, ബഹു. റവന്യുവകുപ്പ് മന്ത്രി, ബഹു. വനം വകുപ്പ്

മന്ത്രി തലത്തിൽ ഈ വിഷയം ചർച്ച ചെയ്ത് ഒരു ദീർഘകാല പരിപാടി ആസൂത്രണം ചെയ്യുന്നതിന് യോഗം തീരുമാനിച്ചു. ഇതിനുള്ള നടപടി തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്വീകരിക്കണം. ഈ യോഗം നടത്തുന്നതിലേയ്ക്കായി പഞ്ചായത്തു ഡയറക്ടർ അടിയന്തി രമായി റിപ്പോർട്ട് നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 2 .3(4.7) പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

**പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.10.2019-ലെ കത്ത് 25.09.2019-ലെ 3/3(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും (SRG 385/20 - (LSGD - DD1/9/20/LSGD).**

നബാർഡ് RIDF XVI പദ്ധതി പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ മാറഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിട നിർമ്മാണത്തിന് 1,83,14,531/- രൂപയ്ക്ക് അനുമതി ലഭിച്ചിരുന്നു. സാങ്കേതികാനുമതി തുകയായ 1,60,25,736/- രൂപയുടെ സിവിൽ വർക്കുകൾക്ക് ടെണ്ടർ നടപടി സ്വീകരിച്ചു. 21.01.2014ൽ എഗ്രിമെന്റ് വച്ചു. കരാർ പ്രകാരം 31.03.2016-ന് നിർമ്മാണം പൂർത്തിയാക്കണ മായിരുന്നു. എന്നാൽ 2019 ജനുവരിയിലാണ് നിർമ്മാണം പൂർത്തയാക്കിയത്. ഈ കാലയളവിൽ കരാറുകാരന് പാർട്ട് ബിൽ പ്രകാരം തുക നൽകി. ഇപ്പോൾ ഫൈനൽ ബിൽ തയ്യാറാക്കി. തുക 21.00 ലക്ഷം രൂപ. കരാർ പ്രകാരമുള്ള തീയതിക്കകം പണി പൂർത്തിയാക്കാത്തതിനാൽ നിയമപ്രകാരം പിഴ ഈടാക്കണം. ഇത് ഏകദേശം 61.00 ലക്ഷം രൂപ വരും. ഇത് ഫൈനൽ ബിൽ തുകയെക്കാൾ വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ 18.08.2018-ലെ AC 2/223/2015/ തസ്വഭവ സർക്കുലർ പ്രകാരമുള്ള പുതുക്കിയ നിരക്കിലുള്ള പിഴ ഈടാക്കാനും ഫൈനൽ ബിൽ മാറാനുമുള്ള അനുവാദം നൽകണമെന്നതു സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ഇത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകിയിരുന്നു.

സർക്കാരിന്റെ മുകളിൽ പറഞ്ഞ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസത്തിലെ കരാർ തുകയുടെ 1% (1,000/-രൂപയിൽ കുറയാതെയും 50,000/-രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും പിന്നീട് വേണ്ടി വരുന്ന ഓരോ മാസത്തിനും കരാർ തുകയുടെ 2% (2,000/-രൂപയിൽ കുറയാതെയും 1,00,000/-ൽ കവിയാതെയും) പിഴ ചുമത്താവുന്നതുമാണ്. കരാറുടമ്പടി പ്രകാരം പൂർത്തിയാക്കേണ്ട സമയത്തിനുശേഷം 34 മാസം കൂടി എടുത്തുകൊണ്ടാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. മേൽ സർക്കുലർ പ്രകാരം കണക്കാക്കു മ്പോൾ 10.50 ലക്ഷം രൂപയാണ് പിഴ വരുന്നത്. ഈ തുക ഫൈനൽ ബില്ലിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കാം എന്നാണ് റിപ്പോർട്ട്

ഈ റിപ്പോർട്ടിൽ പിഴ തുക നിശ്ചയിച്ചതു സംബന്ധിച്ച് പുനഃപരിശോധന ആവശ്യമുണ്ടെന്നും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പുതുക്കിയ റിപ്പോർട്ട് നൽകാമെന്നും 23.09.20 ലെ കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. തുടർന്ന് ഇന്നത്തെ യോഗത്തിൽ താഴെ പറയുംപ്രകാരം റിപ്പോർട്ട് നൽകി.
നിലവിലെ ഉത്തരവുകൾ പ്രകാരം താഴെപ്പറയുന്ന തുകയാണ് ഫൈനായി ഈടാക്കാവുന്നത്.

1) PWD Manual 2012 ( Clause 2112.1 &2116.1) G.O(P)No.13/2012/PWD dated 01.02.2012 പ്രകാരം 14,96,161/- രൂപ ഫൈനായി ഈടാക്കാവുന്നതാണ്.
2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം AC2/223/2015/LSGD dated 18.08.2018 പ്രകാരം 10,50,000/- രൂപ ഫൈനായി ഈടാക്കാവുന്നതാണ്.
3) PWD Standard Bid Document (SBD)GO(P)N0.3/2017/PWD dated 09.08.2017 പ്രകാരം 16,02,573/- രൂപ ഫൈനായി ഈടാക്കാവുന്നതാണ്.

**തീരുമാനം:-** മുകളിൽ പറഞ്ഞതിൽ ക്രമനമ്പർ ഒന്നു പ്രകാരമുള്ള (PWD മാന്വൽ 2012 തീയതി 01.02.2012) പിഴതുകയായ 14,96,161/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2 .3(4.20) ബദിയടുക്ക ഗ്രാമപഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.06.2020-ലെ കത്തുകളും (9 എണ്ണം) കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ** DDP - KSD**/628/2020/**SC9 **നമ്പർ കത്തും** (**SRG** /522**/20 CC/**1332,2019, 523/20**-CC/1333/2019, 524/20 - CC1334/2019, 525/20 -CC/1335/2019, 526/20 CC1336/2019, 527/20 - CC/1337/2019, 528/20 - CC 1331/2019, 530/20 - CC/4/20, 521/20 - CC3/20,453/20** - **സർക്കാർ ഫയൽ നം.410 6969/ 2019/ o/o Min.(LSGD)**

**(A)** താഴെപ്പറയുന്ന നാല് പ്രോജക്ടുകൾക്ക് SCP/TSP വിഹിതമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2019-20 വാർഷിക പദ്ധതിയിലുള്ള ഇവയുടെ നിർമ്മാണം പൂർത്തിയാക്കി. ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഇല്ലാതെയാണ് നിർവഹണം നടത്തിയത്. കൂടാതെ SIDCO വഴിയാണ് നിർവഹണം നടത്തിയത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

*(i)* ***പ്രോ.നം. 289/20*** ***അടങ്കൽ - 8,00,000/- രൂപ*** *(TSP)*
***പേര്: വിവിധ എസ്.റ്റി കോളനികളിൽ തെരുവു വിളക്ക് സ്ഥാപിക്കൽ***

*(ii)* *പ്രോ.നം. 288/20* ***അടങ്കൽ - 3,00,000/- രൂപ*** *(TSP)*
***പേര്:- വിവിധ എസ്.റ്റി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ***

*(iii)* *പ്രോ.നം. 287/20* ***അടങ്കൽ - 1,50,000/- രൂപ*** *(SCP)*
***പേര് :- ചെടേക്കൽ എസ്.സി. കോളനിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

*(iv)* *പ്രോ.നം. 285/20* ***അടങ്കൽ - 1,00,000/- രൂപ*** *(SCP)*
***പേര്:- ചെന്നഗളി എസ്.സി കോളനി ജംഗ്ഷനിൽ തെരുവു വിളക്ക്***

**(B)** കൂടാതെ പൊതുവിഭാഗത്തിൽ താഴെപ്പറയുന്ന അഞ്ച് പ്രോജക്ടുകൾ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇവയും SIDCO മുഖേന നിർവഹണം നടത്തി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

*(i) പ്രോ.നം. 357/20 — അടങ്കൽ - 3,00,000/- രൂപ (CFC)*
*പേര്:- കഞ്ചാർ സ്കൂൾ. ചിമിനിയടുക്ക എന്നീ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ*

*(ii) പ്രോ.നം. 253/20 — അടങ്കൽ 12,25,000/- രൂപ*
*(CFC - 9,25,000/ - രൂപ*
*തനത് ഫണ്ട് - 3,00,000/- രൂപ)*
*പേര്:- വിവിധ സ്ഥലങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ*
*(ഇതിൽ 3,98,840/- രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്തു. ബാക്കി തുക ഉപയോഗിച്ച് സിഡ്കോ വഴി നടപ്പാക്കി)*

*(iii) പ്രോ.നം. 286/20 — അടങ്കൽ - 1,00,000/- രൂപ*
*(വികസന ഫണ്ട്)*
*പേര്:- പാഡ്ലടുക്ക ജംഗ്ഷൻ സ്ട്രീറ്റ് ലൈറ്റ്*

*(iv) പ്രോ.നം. 291/20 — അടങ്കൽ - 50,000/- രൂപ (CFC)*
*പേര്:- പാഡ്ലടുക്ക ജംഗ്ഷൻ സ്ട്രീറ്റ് ലൈറ്റ്*

*(v) പ്രോ.നം. 290/20 — അടങ്കൽ - 50,000/- രൂപ (CFC)*
*പേര്:- ചെന്നഗളി എസ്.സി. കോളനി തെരുവ് വിളക്ക് സ്ഥാപിക്കൽ*

**തീരുമാനം:-** 16.10.2015-ലെ 3140/2015/തസ്വഭവ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ക്രൂസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളെയാണ് തെരുവുവിളക്കുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണം, സ്ഥാപിക്കൽ പരിപാലനം എന്നീ പ്രവൃത്തികൾ ഏൽപ്പിച്ചിരിക്കുന്നത്. ഇതിൽ സിഡ്കോ ഉൾപ്പെടുന്നില്ല. അതിനാൽ സിഡ്കോയ്ക്ക് പ്രവൃത്തി നൽകുന്നതിന് ടെണ്ടർ നടപടി പാലിക്കേണ്ടതായിരുന്നു. ഇതു പാലിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഇതു പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നു.

കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വകുപ്പ് ഡയറക്ടർ 19.10.20 ലെ ഡി.കെ.എസ്.എ 309/2020-553 നമ്പർ കത്തുപ്രകാരം റിപ്പോർട്ട് നൽകുകയും യോഗത്തിൽ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു.

**റിപ്പോർട്ട്:-** ഓഡിറ്റ് ഡയറക്ടർ നൽകിയ വിശദമായ റിപ്പോർട്ടിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥ ന്റെയും ഭാഗത്ത് ഗുരുതര വീഴ്ച സംഭവിച്ചതായാണ് റിപ്പോർട്ട്. ടെണ്ടർ കൂടാതെ SIDCO യെ പ്രവർത്തി ഏല്പിച്ചിട്ടുണ്ട്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പുമില്ലാതെ SCP/TSP ഫണ്ടുപയോഗിച്ചു പ്രൊക്യുയർമെന്റ് മാന്വലിന്റെ ലംഘനം, പ്രോജക്റ്റ രൂപീകരണത്തിൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പാലിക്കേണ്ട നടപടി ക്രമങ്ങളുടെ ലംഘനം, സ്റ്റോർ പർച്ചേസ് മാന്വലിന്റെ ലംഘനം, കരാർ ഉടമ്പടി തയ്യാറാക്കിയതിലെ ലംഘനം, നിർവ്വഹണ ഉദ്യാഗസ്ഥനെ മറികടന്ന് വർക്ക് ഓർഡർ നൽകൽ എന്നിവയാണ് പ്രധാന വീഴ്ചകൾ. കൂടാതെ തെരുവുവിളക്കുകൾ സ്ഥാപിക്കപ്പെട്ടു എന്നു പറയുന്ന സ്ഥലങ്ങളിൽ പലയിടത്തും വിളക്കുകൾ ഇല്ല എന്നതടക്കം മറ്റു കുറവുകളും ചൂണ്ടികാണിച്ചിട്ടുണ്ട്

**തീരുമാനം:-** ഈ പ്രോജക്റ്റ് നിർവ്വഹണത്തിൽ ഗുരുതരവീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ ഉചിതമായ മറ്റ് ഏജൻസികളെ കൊണ്ട് അന്വേഷിപ്പിച്ച് നടപടിയെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി

**നടപടി: – തദ്ദേശസ്വയംഭരണ (എ.സി)വകുപ്പ്**

**2 .3(4.23 )ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.20ലെ കത്ത് (SRG /515/20 CC/545/20)**

***പ്രോ.നം. 21/2021 അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)***

***പേര് - ഋതുമതി - വനിതകൾക്ക് മെൻസ് ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും***

സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള സാനിട്ടറി നാപ്കിനുകൾക്കു പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന മെൻസ്ട്രുവൽ കപ്പ് ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തിലെ 3000 വനിതകൾക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഇതിന്റെ ഉപയോഗം സംബന്ധിച്ച് വനിതകൾക്ക് ബോധവൽക്കരണം നടത്താനും ഉദ്ദേശിക്കുന്നു. 30 മുതൽ 50 വരെയുള്ള 10 ബാച്ചുകളായി വിദഗ്ദ്ധരെ ഉപയോഗിച്ചാണ് ബോധവൽക്കരണം. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

ഇതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞ് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായില്ല എന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് കോഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണെന്നും

പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് അറിയിച്ചു. അടുത്ത കോർഡിനേഷൻ കമ്മിറ്റിക്കു മുൻപ് റിപ്പോർട്ട് വാങ്ങണം.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ആരോഗ്യവകുപ്പ് ഡയറക്ടർ**

**2.4 23.09.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.4(3.2)** ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബജറ്റ് വിഹിതത്തിന്റെ 2-ാം ഗഡു നൽകിയപ്പോൾ വികസന ഫണ്ട് നൽകിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും പുതിയതായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചപ്പോൾ വികസന ഫണ്ടിൽ കുറവു വന്നു. ആകെയുള്ള വികസന ഫണ്ട് ഗഡുക്കളായി തിരിച്ചപ്പോൾ ആനുപാതിക നിരക്കു പ്രകാരം ആദ്യ ഗഡുവിൽ തന്നെ കൂടുതൽ തുക റിലീസ് ചെയ്തതാണ് ഇതിനു കാരണം എന്ന് യോഗം വിലയിരുത്തി. പല ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഉദാ. പാമ്പാടി, അരീക്കോട് ബ്ലോക്ക് പഞ്ചായത്തുകൾ) പൂർത്തിയാക്കിയ പ്രോജക്ടുകളുടെ തുക ഇതു കാരണം നൽകാൻ കഴിയുന്നില്ല എന്നു യോഗം നിരീക്ഷിച്ചു.

**തീരുമാനം :-** ബ്ലോക്കു പഞ്ചായത്തിനുള്ള അടുത്ത ഗഡു നവംബർ ആദ്യവാരം തന്നെ നൽകുമെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ഡി/എഫ്.എം) വകുപ്പ്**
**2) ധനകാര്യവകുപ്പ്**

**2.4(3.3)** പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെതലത്തിലെ ഉദ്യോഗസ്ഥന്മാരെ കൂടി നിർവ്വഹണ ഉദ്യോഗസ്ഥരാക്കുകയും അവർക്ക് പ്രത്യേക മായി ഡി.ഡി.ഒ കോഡ് നൽകുകയും ചെയ്തു. ഇത് പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കി. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ (self drawing) ശമ്പളവും മറ്റും വാങ്ങുന്ന ട്രഷറി അല്ല അദ്ദേഹം നിർവഹണ ഉദ്യോഗസ്ഥനായുള്ള തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ട്രഷറി. ഇങ്ങനെയുള്ള നിർവഹണ ഉദ്യോഗസ്ഥന് രണ്ട് ട്രഷറിയിൽ നിന്നും ഇടപാടു നടത്തുന്നതിന് ക്രമീകരണം ചെയ്യുന്നത് പദ്ധതി നിർവഹണത്തിന് സഹായ കരമാകും എന്നതിനാൽ ഇത്തരം ഉദ്യോഗസ്ഥർ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ട് എന്നു കണ്ടെത്തി അവരുടെ വിശദാംശം സഹിതം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, എന്നിവർ ധനകാര്യ വകുപ്പിന് നൽകണം. ഇതനുസരിച്ച് ഈ ഉദ്യോഗസ്ഥർക്ക് വെർച്വൽ ഡി.ഡി.ഒ കോഡ് അനുവദിക്കുന്നത് പരിഗിണിക്കാമെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചിരുന്നു.

**റിപ്പോർട്ട്:-** ഇപ്രകാരം പഞ്ചായത്തു ഡയറക്ടർ പുതിയതായി ഡി.ഡി.ഒ കോഡ് ആവശ്യമുള്ളവരുടെ ലിസ്റ്റ് ധനവകുപ്പിനും നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഗ്രാമവികസന

കമ്മീഷണറും നഗരകാര്യഡയറക്ടറും ഇപ്രകാരം ഡി.ഡി.ഒ കോഡ് ആവശ്യമുള്ള ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ ധനവകുപ്പിനു നൽകണം. ധനവകുപ്പിന് ലഭിച്ച ലിസ്റ്റ് പ്രകാരം ആവശ്യമുള്ളവർക്ക് ഡി.ഡി.ഒ. കോഡ് അനുവദിക്കണമെന്ന് ധനവകുപ്പിനോടാ വശ്യപ്പെടാൻ യോഗം തീരുമാനിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)നഗരകാര്യ ഡയറക്ടർ**
**3)ഗ്രാമവികസന കമ്മീഷണർ**
**4) ധനവകുപ്പ്**

**2.4(3.8)** ജനകീയ ഹോട്ടൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സർക്കാർ നിർദ്ദേശിച്ച പ്രകാരം സ്ഥാപിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കണം. സർക്കാർ ഉത്തരവിൽ പറയും പ്രകാരം ജനകീയ ഹോട്ടൽ സ്ഥാപിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങളും മറ്റു വിശദാംശങ്ങളും അടുത്ത കോഓർഡിനേഷൻ കമ്മറ്റിക്കു മുമ്പ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശേഖരിച്ച് നൽകണം എന്നു നിർദ്ദേശിച്ചിരുന്നു.

**റിപ്പോർട്ട്:-** ഇതു സംബന്ധിച്ച വിശദാംശങ്ങൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയിട്ടുണ്ട്.

**ജനകീയ ഹോട്ടൽ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം | ജില്ല | ജനകീയ ഹോട്ടൽ | | | |
|---|---|---|---|---|---|
| | | ലക്ഷ്യം (എണ്ണം | സ്ഥാപിച്ചത് (എണ്ണം) | ഇനി സ്ഥാപിക്കാനുള്ളത് (എണ്ണം) | സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയത് (എണ്ണം) |
| 1 | തിരുവനന്തപുരം | 80 | 66 | 14 | 23 |
| 2 | കൊല്ലം | 73 | 62 | 12 | 20 |
| 3 | പത്തനംതിട്ട | 57 | 39 | 18 | 18 |
| 4 | ആലപ്പുഴ | 76 | 49 | 27 | 30 |
| 5 | കോട്ടയം | 75 | 40 | 35 | 39 |
| 6 | ഇടുക്കി | 48 | 30 | 18 | 24 |
| 7 | എറണാകുളം | 99 | 91 | 8 | 24 |
| 8 | തൃശ്ശൂർ | 94 | 55 | 39 | 49 |
| 9 | പാലക്കാട് | 93 | 63 | 30 | 35 |
| 10 | മലപ്പുറം | 94 | 48 | 46 | 62 |
| 11 | വയനാട് | 20 | 19 | 1 | 7 |
| 12 | കോഴിക്കോട് | 76 | 62 | 14 | 28 |
| 13 | കണ്ണൂർ | 81 | 54 | 27 | 27 |
| 14 | കാസറഗോഡ് | 35 | 26 | 9 | 18 |
| **ആകെ** | | **1001** | **704** | **208** | **404** |

**തീരുമാനം:-**

1) ജനകീയ ഹോട്ടൽ ആരംഭിക്കണമെന്ന് ലക്ഷ്യമിട്ടിരിക്കുന്ന സ്ഥലങ്ങളിൽ/തദ്ദേശഭരണസ്ഥാപനങ്ങളിൽ നിർബന്ധമായും ജനകീയ ഹോട്ടൽ തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഇതിനായി പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ഇടപെടണം. ലക്ഷ്യമിട്ടപോലെ ജനകീയ ഹോട്ടൽ തുടങ്ങാൻ കഴിഞ്ഞില്ലെങ്കിൽ അത് ബന്ധപ്പട്ട തദ്ദേശഭരണസ്ഥാപനത്തിലെ സെക്രട്ടറിയുടെ വീഴ്ചയായി കണ്ട് ആവശ്യമായ നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ജനകീയ ഹോട്ടൽ തുടങ്ങാത്ത സ്ഥലത്തെ / തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവരം അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും നൽകണം.
2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ ജനകീയ ഹോട്ടൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലമുണ്ടെങ്കിൽ അവിടെയും ജനകീയഹോട്ടൽ സ്ഥാപിക്കാവുന്നതാണ്. ഇങ്ങനെ സ്ഥാപിക്കുന്ന ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ സപ്ലൈകോയിൽ നിന്ന് സാധനങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. മറ്റ് സൗകര്യങ്ങൾ ഒരുക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നടപടി സ്വീകരിക്കണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യഡയറക്ടർ**
**4) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 2 .4(4.1) ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.20-ലെ കത്തും ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2020 -ലെ കത്തും 18.03.2020-ലെ 4/35(4) -ാം നമ്പർ ഭരണ സമിതി തീരുമാനവും - (SRG 635/20 CC/634/20, SRG 636 /20 CC/635/20, SRG 637 /20 CC 636/20, SRG -638 /20 CC /637/20, SRG 639 /20 CC 638/20, SRG - 640 /20 CC /639/20 (6 കത്തുകൾ)**

*(i) പ്രോ.നം. 258/20 അടങ്കൽ 5,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- പനങ്കാവ് കുളം പുനരുദ്ധാരണം - മൂന്നാംഘട്ടം*

*(ii) പ്രോ.നം. 259/20 അടങ്കൽ 3,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- അമ്പാട്ടിക്കുന്ന് ഡ്രെയ്‌നേജ് വർക്ക്*

*(iii) പ്രോ.നം. 636/20 അടങ്കൽ 3,75,000/- രൂപ (തനത് ഫണ്ട്)*

*പേര്- പട്ടവത്തെരു റോഡ് ഓവ് ചാൽ മൂന്നാംഘട്ടം*

*(iv) പ്രോ.നം. 271/20 അടങ്കൽ 2,50,000/- രൂപ (തനത് ഫണ്ട്)*

*പേര്- അച്ചുവേട്ടന്റെ വീട്ടു മുതൽ ജൻഡക്സ് കൃഷ്ണന്റെ വീട് വരെ റോഡ് ടാറിംഗ് (ബാക്കി ഭാഗം*

*(v) പ്രോ.നം. 286/20 അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 1 മുതൽ 7 വരെ വാർഡുകൾ*

*(vi) പ്രോ.നം. 287/20 അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 8 മുതൽ 14 വരെ വാർഡുകൾ*

*(vii) പ്രോ.നം. 288/20 അടങ്കൽ 3,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 15 മുതൽ 23 വരെ വാർഡുകൾ*

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ടുകൾ ടെണ്ടർ നടപടി കൂടാതെ നടപ്പാക്കി. ഈ പ്രവൃത്തികളുടെ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നൽകാൻ അനുമതി സംബന്ധിച്ച്.

ടെണ്ടർ നടപടി കൂടാതെ പ്രോജക്ട് നടപ്പാക്കിയത് ഗുരുതര വീഴ്ചയാണെന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുമ്പായി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

അടുത്ത കോർഡിനേഷൻ കമ്മിറ്റിക്കു മുമ്പായി റിപ്പോർട്ട് നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**2 .4(4.5) കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2020-ലെ കത്തും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.08.2020-ലെ P6-2835/20-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്തിന്റെ 21.08.2020-ലെ 1-61/20-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 674/20- CC/748/20).**

*പ്രോജക്ട് നം. 445/21 അടങ്കൽ 25,00,000/ രൂപ*

*(എസ്.സി.പി)*

***പേര് – പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം***

പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിനുള്ള പ്രോജക്ട് തയ്യാറാക്കാനാണ് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തിരുന്നതെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം ഒരു സൊസൈറ്റിക്ക് പരമാവധി 5.00 ലക്ഷം രൂപയെ നൽകാവൂ എന്ന കാരണത്താൽ "പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകൽ"എന്ന പ്രോജക്ടാണ് സുലേഖ സോഫ്റ്റ് വെയറിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കിയത്. പ്രോജക്ട് അടങ്കലായ 25.00 ലക്ഷം രൂപയും കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിടം പണിയുന്നതിന് മാത്രമായി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റി യുടെ ഇതുവരെയുള്ള പ്രവർത്തനം, ഈ സൊസൈറ്റി മുഖേന എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നു, ഇപ്പോഴത്തെ സ്ഥിതി, പശ്ചാത്തല സൗകര്യം തുടങ്ങിയവ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ/ബന്ധപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സഹിതം നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നല്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

## 2.4(4.20 )ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2020-ലെ കത്തും (രണ്ടെണ്ണം) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 2(4) -ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 668/20 – CC/738/20, SRG 669/20 – CC/739/20)**

***പ്രോ.നം. 114/20*** ***അടങ്കൽ 12,59,692/- രൂപ***
***(സംസ്ഥാന വിഹിതം - 8,70,000/- രൂപ***
***CFC 3,89,692/- രൂപ)***

***പേര്:-വട്ടപ്പറമ്പ് അംഗനവാടിക്ക് കെട്ടിട നിർമ്മാണം - വാർഡ് -8***

*(ii)* ***പ്രോ.നം. 194/20*** ***അടങ്കൽ 13,21,086/- രൂപ***
***(സംസ്ഥാന വിഹിതം - 8,70,000/- രൂപ***
***CFC -4,51,086/- രൂപ)***

***പേര്:-പൂഴനാട് അംഗനവാടിക്ക് കെട്ടിട നിർമ്മാണം***

മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകളും വനിതാ ശിശു വികസന വകുപ്പിന്റെ സഹായം കൂടി ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. ഓരോ അങ്കണവാടിക്കും 8,70,000/- രൂപ വീതം (ആകെ 17,40,000/-രൂപ ) വനിതാ ശിശു വികസന വകുപ്പ്

ഗ്രാമപഞ്ചായത്തിനു കൈമാറും എന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പി.ഡബ്ല്യു. ഡിയ്ക്കാണ് വകുപ്പ് തുക കൈമാറിയത്. നിർമ്മാണം പൂർത്തിയായെങ്കിലും വകുപ്പിന്റെ വിഹിതം നൽകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ പി.ഡബ്ല്യു.ഡി.യുടെ കൈവശമുള്ള വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020-ലെ തീരുമാന പ്രകാരം (ഖണ്ഡിക 2.1 (3.15) വനിതാ ശിശു വികസന വകുപ്പ് വിഹിതം തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറി തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് നിർമ്മാണം നടത്തണമെന്ന് തീരുമാനിച്ചിരുന്നതാണ് എന്ന് യോഗം നിരീക്ഷിച്ചു.

2) ഈ തുക പി.ഡബ്ല്യു.ഡി.യിൽ നിന്ന് തിരികെ വാങ്ങി ഗ്രാമപഞ്ചായത്തിന് കൈമാറാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് ഫയൽ വകുപ്പിന് നൽകിയിട്ടുണ്ടെന്നും ധനവകുപ്പിന്റെ പരിഗണനയി ലാണെന്നും വനിതാ ശിശുവികസന ഡയറക്ടർ അറിയിച്ചു. ഇതേ വിഷയം മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിലും ഉണ്ടെന്നും മുൻ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുക അതതു തദ്ദേശഭരണസ്ഥാപനത്തിനു കൈമാറാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും ആവശ്യമായ തുടർ നടപടി സ്വീകരിക്കണമെന്നും ഡയറക്ടറോട് നിർദ്ദേശിച്ചു. അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ**

## 2.4 (4.30) പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്തും പെന്മുണ്ടം ഗ്രാമ പഞ്ചായത്ത് അസി.സെക്രട്ടറിയുടെ 26.05.2020-ലെ 4141/19-ാം നമ്പർ കത്തും**

(SRG 686/20 – CC/711/20)

***പ്രോ.നം. 151/21***

***അടങ്കൽ 2,00,000/- രൂപ***
***(തനത് ഫണ്ട് - 1,20,000/- രൂപ***
***സംഭാവന - 50,000/- രൂപ***
***ബ്ലോക്ക് വിഹിതം -20,000/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം - 10,000/- രൂപ)***

***പേര്:-ജനകീയ ഹോട്ടൽ***

ജനകീയ ഹോട്ടൽ സ്വകാര്യ വ്യക്തിയുടെ വാടക കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. വാടക 7000/- രൂപ പ്രതിമാസം. ഈ കെട്ടിടത്തിൽ മുറികൾ വേർതിരിക്കൽ, അടുക്കള സജ്ജീകരിക്കൽ തുടങ്ങിയ നിർമ്മാണം

ആവശ്യമാണ്. ഈ പ്രവൃത്തികൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി

**റിപ്പോർട്ട് :-** ഹോട്ടലിന് അടുക്കള സൗകര്യം കുറവാണെന്നും ഭക്ഷണം കഴിക്കുന്ന മുറിയും അടുക്കളയും തമ്മിൽ വേർതിരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഓവു ചാലിന്റെ കുഴി അടുക്കളയ്ക്കടുത്താണ്. ഇതിന് ടാങ്ക് ഇല്ല. മഴവെള്ളം ഹോട്ടലിലേയ്ക്ക് വരുന്നു. ബാത്ത് റൂം അടുക്കളയ്ക്കകത്താണ്. പുതിയ കെട്ടിടമാണ്. അടിസ്ഥാന സൗകര്യം ഒരുക്കിയാൽ മികച്ച ഹോട്ടൽ ആക്കാം.

**തീരുമാനം: -** കുറഞ്ഞത് 5 വർഷത്തേക്കെങ്കിലും കെട്ടിടം ജനകീയ ഹോട്ടലിന്റെ നടത്തിപ്പിന് വാടകയ്ക്ക് നൽകുമെന്ന് ഉറപ്പ് നൽകുകയാണെങ്കിൽ മാത്രം പഞ്ചായത്ത് ആവശ്യപ്പെട്ട പ്രവർത്തികൾ ചെയ്യാവുന്നതാണ്. അല്ലായെങ്കിൽ വാടകയിനത്തിൽ ഈ ചിലവ് കുറവു ചെയ്യണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 2.4(4.31) മങ്കട ഗ്രാമ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23.06.2020-ലെ** A1-21/MKD **/2018-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 688/20 – CC/728/**19)

മങ്കട ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് മന്ദിരം പണിത് ഉത്ഘാടനം ചെയ്തു കഴിഞ്ഞു. ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ മുറ്റം ഇന്റർ ലോക്ക് ചെയ്യുന്നതിനുള്ള ചെലവ് ഉൾപ്പെടുത്തിയിരുന്നില്ല. ഉത്ഘാടന സമയത്ത് എസ്റ്റിമേറ്റോ മറ്റ് ടെണ്ടർ നടപടികളോ കൂടാതെ മുറ്റം ഇന്റർ ലോക്ക് കട്ട ഉപയോഗിച്ച് വൃത്തിയാക്കി. ഇതിന്റെ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിന്റെ വാലുവേഷൻ **DSR** നിരക്ക് അനുസരിച്ച് 1,56,608/- രൂപയാണെന്ന് മങ്കട ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയതനുസരിച്ച് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** 2016-17-ൽ 201/17, 209/17 എന്ന 2 പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മങ്കട ഗ്രാമപഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു. മുറ്റം ഇന്റർ ലോക്ക് ചെയ്യുന്നതിനുള്ള തുകയുടെ അഭാവം മൂലം ഈ ഇനം ഉൾപ്പെടുത്തിയിരുന്നില്ല. മഴ സമയത്ത് കെട്ടിടത്തിന്റെ മുറ്റത്ത് വെള്ളം കെട്ടുകയും ചെളി നിറയുകയും ചെയ്തത് ഒഴിവാക്കുന്നതിനാണ് ഈ പ്രവൃത്തി ചെയ്തത്. ഉത്ഘാടന തീയതി നിശ്ചയിച്ചതിനുശേഷം പെട്ടെന്ന് പ്രവൃത്തി പൂർത്തിയാക്കേണ്ടി വന്നു. അതിനാലാണ് പ്രോജക്ട് സമർപ്പിച്ച് അംഗീകാരം നേടാൻ കഴിയാത്തത് എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **DSR 2016**

നിരക്ക് പ്രകാരം 1,56,608/-രൂപയാണ് വാല്യുവേഷൻ തുക (contractors profit ഉൾപ്പെടുന്നില്ല). ഈ വിഷയം സംബന്ധിച്ച് വിജിലൻസ് അടക്കം മേൽ ഓഫീസുകളിൽ പരാതിയുണ്ട്. 20.07.2019-ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പ്രവൃത്തിയുടെ മൂല്യം നിർണ്ണയിച്ച് തുക അനുവദിക്കുന്നതിനും സർക്കാരിൽ നിന്നും അനുമതി നേടുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടാതെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റിൽ ഏർപ്പെടാതെയും ആണ് നിർമ്മാണം നടത്തിയത്.

**തീരുമാനം :-** തൽക്കാലം അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4(4.38 ) പഞ്ചായത്ത് ഡയറക്ടറേറ്റ്**

**പഞ്ചായത്ത് ഡയറക്ടറുടെ 16.09.2020-ലെ** J1 -20905/18-**ാം നമ്പർ കത്ത്** **(SRG** 749**/20)**

വിദ്യാർത്ഥികൾക്കാവശ്യമായ ലാപ് ടോപ് **CPRCS** പോർട്ടൽ മുഖേന വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ **CPRCS** മുഖേന ലാപ് ടോപ് ലഭിക്കാൻ കാലതാമസമുണ്ടാകുന്നു എന്ന വിഷയം 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തു. തുടർന്ന് **CPRCS** പോർട്ടലിൽ നിന്ന് ലാപ് ടോപ് ലഭ്യമാക്കുന്നതിന് ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു.

എന്നാൽ ഇപ്പോഴും **KELTRON**-ൽ നിന്ന് ലാപ് ടോപ് ലഭിക്കാൻ കാലതാമസമുണ്ടാകുന്നുവെന്നും ഇതിനകം 599 ഗ്രാമപഞ്ചായത്തുകൾ ആകെ 18.16 കോടി രൂപ മുൻകൂറായി അടച്ചിട്ട് കാത്തു നിൽക്കുകയാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഐ.റ്റി മിഷൻ മുഖേന നൽകിയ തുക തിരികെ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണമെന്നും ടെണ്ടർ/ ഇ- ടെണ്ടർ വഴിയോ **GEM** പോർട്ടൽ മുഖേനയോ റേറ്റ് ക്വാട്ട് ചെയ്യുന്നവരിൽ നിന്നും ഐ.ടി. മിഷൻ ഡയറക്ടർ ശുപാർശ ചെയ്ത സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ് വാങ്ങുന്നതിന് അനുമതി നൽകണമെന്നതും സംബന്ധിച്ച്.

**തീരുമാനം** :- (A) **23.09.2020 ലെ കോർഡിനേഷൻ കമ്മിറ്റി** പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും CPRCS മുഖേന ലാപ് ടോപ് ലഭിക്കാൻ കാലതാമസമുണ്ടാകുന്നു എന്ന് യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് CPRCSൽ പോർട്ടൽ മുഖേനയോ ടെണ്ടർ/ഇ-ടെണ്ടർ വഴിയോ GEM പോർട്ടൽ മുഖേനയോ ലാപ് ടോപ് വാങ്ങാൻ അനുമതി നൽകുന്നു. എന്നാൽ ഐ.ടി മിഷൻ ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരമുള്ള (21.01.2020-ലെ DA1/363/ 2019/തസ്വഭവ നമ്പർ സർക്കുലർ) സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് ആകണമെന്ന് നിർദ്ദേശിക്കുന്നു. വില ഈ

സർക്കുലറിൽ പറഞ്ഞ നിരക്കിലോ അതിൽ കുറവോ ആകണമെന്ന് നിർദ്ദേശിക്കുന്നു.

ഐ.ടി. മിഷനിൽ ഇതിനകം തദ്ദേശഭരണ സ്ഥാപനങ്ങൾ അടച്ച തുക, തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരികെ നൽകേണ്ടതാണ് എന്ന് 23.09.20 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. എന്നാൽ ലഭിച്ച ഓർഡർ അനുസരിച്ച് കാലതാമസം കൂടാതെ ലാപ് ടോപ് നൽകി കൊണ്ടിരിക്കുകയാണെന്നും 8-10.20 ലെ റിപ്പോർട്ട് പ്രകാരം ആകെ 9520 ലാപ് ടോപ് ഓർഡർ പെന്റിംഗ് ഉണ്ടായിരുന്നതെന്നും അതിൽ 8026 ലാപ് ടോപ് വിതരണം ചെയ്തുവെന്നും ശേഷിക്കുന്നവ ഒക്ടോബർ 31-നകം വിതരണം ചെയ്യുമെന്നും ഐ.റ്റി മിഷൻ ഡയറക്ടർ അറിയിച്ചു. ഈ സാഹചര്യത്തിൽ ഇതിനകം ഐ.റ്റി.മിഷനിലേക്ക് അടച്ച തുക തിരികെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

എന്നാൽ ലാപ് ടോപ് വാങ്ങുന്നത് സംബന്ധിച്ച് മുകളിൽ ഖണ്ഡിക (A) ൽ പറയുന്ന നടപടി ക്രമം തുടരാവുന്നതാണ്.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4(4.42 ) ചെങ്ങന്നൂർ നഗരസഭ**

**ചെങ്ങന്നൂർ മുനിസിപ്പൽ സെക്രട്ടറിയുടെ** 01.06.2020-**ലെ** A1-1221/20-**ാം നമ്പർ കത്ത്** (SRG-745/2020-LSGD-IA4/92/2020/LSGD)

ചെങ്ങന്നൂർ നഗരസഭ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് **KURDFC**യിൽ നിന്നും 2002-ൽ വായ്പ എടുത്തിരുന്നു. ഇതിന്റെ കുടിശ്ശിക ഒറ്റത്തവണയായി 25.00 ലക്ഷം രൂപ അടച്ചുകൊണ്ട് തീർക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് മറ്റ് നിയമ തടസ്സങ്ങൾ ഇല്ല എന്ന് **KURDFC** മാനേജിംഗ് ഡയറക്ടർ ഉറപ്പ വരുത്തേണ്ട താണെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് 19.04.2020-ലെ 763/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരിക്കുന്നത്. തനത് ഫണ്ട് കുറവായതിനാൽ ഈ തുക 2020-21-ലെ വികസന ഫണ്ട് ഉപയോഗിച്ച് നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം** :- അനുമതി നിരസിച്ചു. തനതു ഫണ്ട് ഉപയോഗിക്കണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

**2.4(4.49) സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം**

**സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിന്റെ 18.09.20-ലെ 643/** DPD/SPB/2020-**ാം നമ്പർ കുറിപ്പ്** (**SRG** /752/**20** )

കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018 -ലെ തീരുമാന പ്രകാരം (ഖണ്ഡിക 3.8) ജില്ലാ പ്ലാനിംഗ് ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് മറ്റ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചുമതല നൽകേണ്ടതില്ലെന്നും ഒഴിച്ചുകൂടാൻ പറ്റാത്ത സ്ഥലങ്ങളിൽ ജില്ലാപഞ്ചായത്തിന്റെ അധിക ചുമതല മാത്രം നൽകാവുന്നതാണെന്നും

തീരുമാനിച്ചിരുന്നു. എന്നാൽ ഇപ്പോഴും ജില്ലാ പ്ലാനിംഗ് ഓഫീസിലുള്ള ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല കൂടി നൽകിയിട്ടുണ്ട്. ഇത് ജില്ലാ പ്ലാനിംഗ് ഓഫീസിലെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. അതിനാൽ ജില്ലാ പ്ലാനിംഗ് ഓഫീസിലേയ്ക്ക് മാത്രമായി ഒരു ടെക്നിക്കൽ അസിസ്റ്റന്റിനു ചുമതല നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കുറവുമൂലം ജില്ലാ പ്ലാനിംഗ് ഓഫീസിനു മാത്രമായി ഒരു ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് ഐ.കെ.എം. പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഈ സാഹചര്യത്തിൽ നിലവിലെ സ്ഥിതി തൽക്കാലം തുടരാൻ നിർദ്ദേശിക്കുന്നു. ഈ വിഷയം ഒന്നുകൂടി പരിശോധിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 3. പൊതു വിഷയങ്ങൾ

**3.1** (1) മുൻവർഷങ്ങളിലെ അപേക്ഷിച്ച് മികച്ച പദ്ധതിചെലവാണ് ഈ വർഷമുള്ളതെന്ന് യോഗം വിലയിരുത്തി. വികസനഫണ്ട് പൊതുവിഭാഗത്തിൽ 45.42 ശതമാനമാണ് പദ്ധതി ചെലവ്. എന്നാൽ പ്രത്യേക ഘടകപദ്ധതിയിൽ 36.46 ശതമാനവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 36.48 ശതമാനവും ആണ്. ഇതു വകുപ്പ മേധാവികൾ ഗൗരവമായി കാണണം. തദ്ദേശഭരണസ്ഥാപനങ്ങളിൽ എസ്.സി.പി, റ്റി.എസ്.പി പ്രോജക്ടുകൾ പ്രത്യേകമായി അവലോകനം ചെയ്യാനും ആവശ്യമായ ഇടപെടൽ നടത്തി കുറവ് പരിഹരിക്കാനും പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തി. എസ്.സി.പി/റ്റി.എസ്.പി യിൽ നിർമ്മാണ പ്രവൃത്തികൾ എത്ര**?** (പൊതു നിർമ്മാണം) അവയിൽ ഫീസിബിലിറ്റി / സോഷ്യൽ മാപ്പ് ലഭിക്കാത്തത് എത്ര**?** ഈ പ്രവൃത്തികളുടെ സാങ്കേതികാനുമതി, ടെണ്ടർ, പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്നിവ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അവലോകനം ചെയ്യേണ്ടതാണ്. അതിന്റെ ഇനം തിരിച്ച വിശദാംശം അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ചീഫ് എഞ്ചിനീയർ നൽകണം.

കൂടാത ലൈഫ് ഭവനപദ്ധതി പ്രത്യേകമായി അവലോകനം ചെയ്യണം. പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾ ലൈഫ് ഭവനപദ്ധതിക്കായി മാറ്റിവയ്ക്കുന്ന തുക കൃത്യമായി ചെലവഴിക്കപ്പെടുന്നില്ല. ഇത് അടിയന്തിരമായി പരിഹരിക്കണം. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇതു പ്രത്യേകമായി ശ്രദ്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യക്തിഗത പ്രോജക്ടുകളിൽ ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥനു കൈമാറിയോ, ലാപ് ടോപ് അടക്കം വിവിധ ഉപകരണങ്ങൾ നൽകുന്നതിന്റെ നടപടിക്രമത്തിലെ പുരോഗതി, പദ്ധതി നിർവ്വഹണത്തിൽ പുറകിൽ നിൽക്കുന്ന വകുപ്പുകൾ ഏതൊക്കെ**?** തുടങ്ങിയവ പഞ്ചായത്തു ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ അവലോകനം ചെയ്യണം. സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇത്

പ്രത്യേകമായി അവലോകനം ചെയ്യണം. ഇതിന്റെയും വിശദാംശങ്ങൾ വകുപ്പമേധാവികൾ അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ/ഡി.ബി/എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**6) തദ്ദേശസ്വയഭരണ ചീഫ് എഞ്ചിനീയർ**

**3.2** പല തദ്ദേശഭരണസ്ഥാപനങ്ങളും 2019-20 ലെ പ്രവൃത്തികളുടെ ബിൽ മാറുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം തെരഞ്ഞെടുത്തിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ബാങ്കുളിൽ നിന്നു മാറിയ തുക ഇതിനകം അതതു ബാങ്കുകൾക്ക് ധനവകുപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ മാറിയ തുക മിക്ക തദ്ദേശഭരണസ്ഥാപനങ്ങളും ധനവകുപ്പ് നിർദ്ദേശപ്രകാരം ക്രമപ്പെടുത്തിയിട്ടില്ല. ഈ പ്രക്രിയ പൂർത്തിയാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം 28.05.2020 ലെ **G.O(P) 68/2020/**ധന–ാം നമ്പർ സർക്കാർ ഉത്തരവു പ്രകാരം ധനവകുപ്പ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സസ്പെൻസ് ഹെഡിലേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യേണ്ടതാണ്. ഇതു വെർചലായി ചെയ്യുന്ന ഒരു നടപടി ക്രമം ആണ്. ഇതുവഴി തദ്ദേശഭരണസ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ കുറവു വരുന്നതല്ല. എന്നാൽ ഈ പ്രക്രിയ പൂർത്തിയാക്കുക എന്നത് ധനമാനേജ് മെന്റിൽ അനിവാര്യമാണ്. അതിനാൽ ഈ പ്രക്രിയ ഒട്ടും കാലതാമസം കൂടാതെ പൂർത്തിയാക്കുക എന്നത് അതതു നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ചുമതലയാണ്. ഇതിനു വേണ്ട നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ താഴേ തലത്തിലേക്ക് നൽകേണ്ടതും അവലോകനം ചെയ്യേണ്ടതുമാണ്. കൂടാതെ സസ്പെൻസ് ഹെഡിലേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിന് അധിക തുക ആവശ്യമുണ്ട് എങ്കിൽ അതിന്റെ വിശദാംശം ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ ഗ്രാമവികസന കമ്മീഷണർ എന്നിവർ ധനവകുപ്പിനു നൽകണം. തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്, ജില്ല, അധികമായി ആവശ്യമുള്ള തുക ഇനം തീരിച്ച് എന്നിവയടക്കമുള്ള വിവരങ്ങളാണ് നൽകേണ്ടത്. ഇതിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ധനവകുപ്പിന് നൽകണം. വിശദാംശങ്ങൾ അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) തദ്ദേശസ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**6) ധനവകുപ്പ്**

3.3 ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഒറ്റവീടുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇരട്ട വീടുകളാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ വന്നതിനുശേഷം ഇങ്ങനെ ഇരട്ട വീടുകൾ

ഒറ്റ വീടാക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെയാണ് നടപ്പാക്കുന്നത്. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതേ ആവശ്യം ഉന്നയിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ ലൈഫ് ഭവന പദ്ധതിക്ക് വികസന ഫണ്ടിന്റെ (CFC ഒഴിവാക്കി) കുറഞ്ഞത് 20 ശതമാനം തുക മാറ്റി വച്ചതിനു ശേഷം അധിക തുക വകയിരുത്തി ലക്ഷം വീട് ഭവന പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപന ങ്ങൾക്കും അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.4 ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ്, ബത്ത, റ്റി.എ, മറ്റു സഹായം വർഷം മുഴുവൻ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഇതിനായി വിഹിതം മാറ്റി വയ്ക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നുവെങ്കിലും മതിയായ തുക ഗ്രാമപഞ്ചായത്തിന് കൈമാറുന്നില്ല. ഭിന്നശേഷി വിഭാഗക്കാർക്ക് നൽകേണ്ട എല്ലാ ധനസഹായവും മുടക്കം കൂടാതെ നൽകാൻ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്. നഗരസഭ സ്വന്തമായി മതിയായ തുക വകയിരുത്തണം. ഓരോ ഗ്രാമപഞ്ചായത്തും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വകയിരുത്തേണ്ട വിഹിതം എത്രയെന്ന് കണക്കാക്കി വിവരം മുകൾത്തട്ടിലേയ്ക്ക് നൽകണം. ഇതനുസരിച്ച് ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി ഭിന്നശേഷി വിഭാഗക്കാർക്ക് നൽകേണ്ട സ്കോളർഷിപ്പ്, ബത്ത, റ്റി.എ, മറ്റു ധനസഹായം തുടങ്ങിയവ മുടക്കം കൂടാതെ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെ സഹായിക്കണം.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.5 സംസ്ഥാന സാംസ്കാരിക വകുപ്പ് തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വജ്രജൂബിലി ഫെലോഷിപ്പ് പരിപാടി സംസ്ഥാനത്താകെ നടപ്പാക്കി വരുന്നു. സാംസ്കാരിക വകുപ്പ് നൽകുന്ന ധനസഹായത്തോടൊപ്പം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ 5000/- രൂപ വീതം പ്രതിമാസം ഒരു കലാകാരന് നൽകണമെന്നാണ് സർക്കാർ നിർദ്ദേശം. കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ മാർച്ചിനുശേഷം കലാപരിശീലന ക്ലാസ്സുകൾ ഓൺലൈനായാണ് നടക്കുന്നത്. ഓൺലൈൻ ക്ലാസ്സ് ആയതിനാൽ ചില തദ്ദേശഭരണസ്ഥാപനങ്ങൾ അവരുടെ വിഹിതം നൽകുന്നില്ല എന്ന് യോഗം വിലയിരുത്തി. ഓൺലൈനായിട്ടാണ് ക്ലാസ്സ് നടക്കുന്നതെങ്കിലും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ അവരുടെ വിഹിതം കലാകാരന്മാർക്ക് മുടക്കം കൂടാതെ നൽകേണ്ടതാണ്.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.6 കൊവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷി വിഭാഗക്കാർക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

1) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ

29.04.2020 ലെ നം. 794/2020/തസ്വഭവ, 04.08.20-ലെ നം.1450/2020/തസ്വഭവ എന്നീ സർക്കാർ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്. നിലവിലെ ഭരണസമിതിയുടെ കാലാവധി തീരുകയാണ്. ഗുണഭോക്താക്കളെ ഏതെങ്കിലും തദ്ദേശഭരണ

സ്ഥാപനം തെരഞ്ഞെടുത്തിട്ടില്ലായെങ്കിൽ പുതിയ ഭരണസമിതി ചുമതലയേറ്റ മുകളിൽ പറഞ്ഞ ഉത്തരവു പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുംവരെ 2019-20 ലെ ഗുണഭോക്തൃ ലിസ്റ്റിലുള്ള ഭിന്നശേഷിക്കാർക്ക് ഈ വർഷത്തേക്കുമാത്രം ധനസഹായം നൽകാൻ അനുമതി നൽകുന്നു.

2) മുകളിൽ പറഞ്ഞ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് സ്കൂളിൽ പോകുന്നില്ലായെങ്കിലും റ്റി.എ ഒഴിവാക്കി (സ്കൂൾ തുറന്നിട്ടില്ലാത്ത സാഹചര്യത്തിൽ) ബത്ത, സ്കോളർഷിപ്പ് അടക്കം മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് ധനസഹായങ്ങൾ നൽകാവുന്നതാണ്. സ്കൂൾ തുറക്കുന്ന മുറയ്ക്ക് റ്റി.എയും നൽകാവുന്നതാണ്.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.7** നവംബർ 11 –ന് നിലവിലെ ഭരണസമിതിയുടെ കാലാവധി തീരുകയാണ്. തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം പാലിച്ച് വികസന ക്ഷേമപ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ അതത് തദ്ദേശഭരണസ്ഥാപനങ്ങളുടെ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണം. കൊവിഡ് 19ന്റെ പ്രതിരോധ പരിരക്ഷ പ്രവർത്തനത്തിൽ ഒരു കാരണവശാലും വീഴ്ചകൾ സംഭവിക്കരുത്. ഇതിന് ഏറ്റവും മുന്തിയ പരിഗണന നൽകാൻ സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രത കാണിക്കണം. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ ഇത് പ്രത്യേകം അവലോകനം ചെയ്യണം.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**

## 4. പ്രത്യേക വിഷയങ്ങൾ

==================

### 4.1 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2020-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ലെ യോഗത്തിന്റെ മിനിട്സും അനുബന്ധ രേഖകളും (SRG 797/20/ - CC/891/20, SRG 796/20 - CC/890/20) ( രണ്ടു കത്തുകൾ)**

***(i) പ്രോ.നം. 135/21 — അടങ്കൽ 26,46,000/- രൂപ***
***(വികസന ഫണ്ട് - ജനറൽ 25,79,800***
***തനത് ഫണ്ട് - 66,200)***

***പേര്- ബ്ലോക്ക് പരിധിയിലെ വിവിധ ഡിവിഷനുകളിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ***

***(ii) പ്രോ.നം. 56/21 — അടങ്കൽ 45,50,000/- രൂപ***
***(വികസന ഫണ്ട് SCP)***

***പേര്- പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

മുകളിൽ പറഞ്ഞ രണ്ടു പ്രോജക്ടുകളും നടപ്പാക്കാൻ അനുമതിക്കായി 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിരുന്നു. ' നിലാവ്' പരിപാടിയുടെ ഭാഗമായി തെരുവുവിളക്കുകൾ എൽ.ഇ.ഡി. ലൈറ്റുകൾ ആക്കുന്നതിന് പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട് എന്നതു കൂടി പരിഗണിച്ച് അതത് ഗ്രാമ പഞ്ചായത്തുകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സഹിതം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ 5 ഗ്രാമപഞ്ചായത്തുകളിൽ മാവേലിക്കര തെക്കേക്കര, ചെട്ടിക്കുളങ്ങര, തഴക്കര എന്നീ ഗ്രാമ പഞ്ചായത്തുകൾ മിനി മാസ്റ്റിനുണ്ടാകുന്ന അറ്റകുറ്റപ്പണിയും വൈദ്യുതി ചാർജ്ജും വഹിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിന് എതിർപ്പില്ലെന്ന് അറിയിച്ചിട്ടുണ്ട്. മാന്നാർ ഗ്രാമ പഞ്ചായത്ത് തീരുമാനമറിയിച്ചിട്ടില്ല. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം-** മിനിമാസ്റ്റിനുണ്ടാകുന്ന അറ്റകുറ്റപ്പണിയും വൈദ്യുതി ചാർജ്ജും ഭാവിയിൽ നൽകാമെന്ന് എഗ്രിമെന്റ് വയ്ക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ മാത്രം മിനി മാസ്റ്റ് സ്ഥാപിക്കാൻ അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.2 വെള്ളൂർ ഗ്രാമപഞ്ചായത്ത് വാർഡ് 8 അയൽക്കൂട്ടം സാംസ്കാരിക സംഘടന 14.09.2020-ലെ** DA1/355/2016 **തസ്വഭവ നമ്പർ സർക്കാർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 29.09.2016-ലെ** J4 - 22186/2018-**ലെ കത്തും (SRG** -756**/20, LSGD - DA1/355/2016 - LSGD/20)**

വെള്ളൂർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ അയൽക്കൂട്ടം സാംസ്കാരിക സംഘടന തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ കരിമ്പു കൃഷി നടത്താൻ ഉദ്ദേശിക്കുന്നു. വെള്ളൂർ ഗ്രാമപഞ്ചായത്തിലെ 100 ഏക്കറിൽ കൃഷി ചെയ്യാനാണ് ലക്ഷ്യം. ഇതിനായി സർക്കാർ അനുമതി നൽകണമെന്നത് സംബന്ധിച്ച്

**തീരുമാനം:-**

1) 14.02.2018 ലെ 22/2018/തസ്വഭവ ഉത്തരവു പ്രകാരം കരിമ്പു കൃഷിക്ക് ഒരു ഹെക്ടറിന് പരമാവധി 7000/- രൂപ ചെറുകിട നാമമാത്ര കർഷകർക്ക് നൽകാൻ അനുമതിയുള്ളതെന്ന് യോഗം വിലയിരുത്തി.
2) കരിമ്പുകൃഷിക്ക് പ്രോജക്ട് ഏറ്റെടുക്കണോ എന്ന് തീരുമാനമെടുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്. കത്തിൽ പറയുന്ന സാംസ്കാരിക സംഘടന മുഖേനയോ മറ്റു സംഘങ്ങൾമുഖേനയോ കരിമ്പുകൃഷി ചെയ്യുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ടു തയ്യാറാക്കുമ്പോൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അനുമതി പ്രത്യേകം പരിഗണിക്കുന്നതാണ്.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.3 കോഴിക്കോട് കോർപ്പറേഷൻ

**കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 22.09.2020-ലെ** P1/90721/19(3) **-ാം നമ്പർ കത്തും അനുബന്ധ രേഖകളും** (SRG - 825/**20** )

കോഴിക്കോട് കോർപ്പറേഷന്റെ കഴിഞ്ഞ വർഷത്തെ 31.03.2020 വരെയുള്ള വികസന ഫണ്ടിന്റെ ചെലവ് 65.05 കോടി രൂപയാണ്. (50.3 ശതമാനം) മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ 82.93 കോടി രൂപ.(48.59 ശതമാനം) എന്നാൽ വികസന ഫണ്ടും മെയിന്റനൻസ് ഗ്രാന്റും കൂടി ചേർത്താൽ 72.84 കോടി രൂപയുടെ പെന്റിംഗ് ബിൽ ഉണ്ടായിരുന്നു. സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി അന്തിമ വാർഷിക പദ്ധതിക്ക് 16.09.2020-ന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചു. പ്രോജക്ടുകൾ എല്ലാം ഉൾപ്പെടുത്തുന്നതിന് അധികമായി 22.46 കോടി രൂപയുടെ തനത് ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി അന്തിമമാക്കിയത്. ഇത്രയും രൂപ തനത് ഫണ്ടിനത്തിൽ കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതിനാൽ ഈ തുക ഒഴിവാക്കി പദ്ധതി ഭേദഗതി ചെയ്ത് ഈ വർഷം എടുത്ത പ്രോജക്ടുകൾ ബഹു വർഷ പ്രോജക്ടാക്കാനോ അനുവദനീയമായതിനേക്കാൾ അധിക തുക 'സുലേഖ'സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താനോ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- കോർപ്പറേഷന്റെ പ്രശ്നം വിശദമായി പരിശോധിച്ച് ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന് എസ്.ആർ .ജിയേയും ഐ.കെ.എം. നേയും ചുമതലപ്പെടുത്തി.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.സി/എഫ്.എം) വകുപ്പ്**
**2) കൺവീനർ, എസ്.ആർ.ജി**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.4 തിരുവനന്തപുരം ജില്ലാ വനിത ശിശു വികസന ഓഫീസ്

**തിരുവനന്തപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 23.09.2020-ലെ DWCDO/TVM/E-1662/20-ാം നമ്പർ കത്തും തിരുവനന്തപുരം ICDS സൂപ്പർവൈസേഴ്സന്റെ 16.09.2020-ലെ കത്തും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.20-ലെ കത്തും (2 എണ്ണം)** (**SRG** 726/20 , 828/20 **CC** /986/**20)**

ഭിന്നശേഷി വിഭാഗക്കാർക്ക് നൽകുന്ന ധനസഹായം കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നൽകുന്നതിന് തടസ്സം നേരിടുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്നവയിൽ സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

(i) സ്കൂൾ അടഞ്ഞു കിടക്കുന്നതിനാൽ സ്കൂളിൽ പോകുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സഹായം നൽകാൻ മേലധികാരികളുടെ സാക്ഷ്യപത്രം കിട്ടാൻ ബുദ്ധിമുട്ടുണ്ട്.
(ii) ഭിന്നശേഷി ഗ്രാമസഭ കൂടാൻ സാധിക്കുന്നില്ല. അതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ സാധിക്കുന്നില്ല.
(iii) സ്കൂൾ പ്രവർത്തിക്കുന്നില്ലാത്തതിനാൽ സ്കൂളിൽ പൊയ്ക്കൊണ്ടിരിക്കുന്ന കുട്ടികൾക്ക് നൽകിയിരുന്ന ധനസഹായം നൽകാൻ കഴിയുന്നില്ല.

**തീരുമാനം** : പൊതുവിഷയം ഖണ്ഡിക 3.6 ബാധകമാണ്.

-

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.5 ചിറക്കടവ് ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2020, 22.09.2020-ലെ കത്തുകളും (2എണ്ണം) 04.08.2020-ലെ 1(6) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/750/20-CC/819/20).**

***(i) പ്രോജക്ട് നം. 202/21*** ***അടങ്കൽ 5,00,000/ രൂപ***
***(എസ്.സി.പി)***

***പേര്*** – **വയോജനങ്ങൾക്ക് ചാരു കസേര നൽകൽ** (SC)

***(i) പ്രോജക്ട് നം. 199/21*** ***അടങ്കൽ 50,000/ രൂപ***
***(റ്റി.എസ്.പി)***

***പേര്*** – **വയോജനങ്ങൾക്ക് ചാരു കസേര നൽകൽ** (ST)

വയോജനങ്ങൾക്ക് ചാരു കസേര നൽകുന്നതിനുള്ള മുകളിൽ പറഞ്ഞ രണ്ടു പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ഇതിന് പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.6 മാവേലിക്കര നഗരസഭ**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്ത് (SRG 721/20- CC/801/20).**

***പ്രോജക്ട് നം. 176/21*** ***അടങ്കൽ 4,80,000/- രൂപ***
***(വികസന ഫണ്ട് - ജനറൽ)***

***പേര് – മാവേലിക്കര നഗര സഭ വികസന രേഖ തയ്യാറാക്കൽ***

മാവേലിക്കര നഗരസഭയുടെ നിലവിലെ ഭരണസമിതിയുടെ കാലയളവിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള ചെലവിലേയ്ക്ക് തനത് ഫണ്ട് ലഭ്യമല്ല. അതിനാൽ വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- സർക്കാർ ഉത്തരവു പ്രകാരമുള്ള 2.50 ലക്ഷം രൂപ തനതുഫണ്ടിനത്തിൽ കണ്ടെത്താൻ മുനിസിപ്പാലിറ്റിക്ക് കഴിയില്ല എന്ന് നഗരസഭ ചൂണ്ടിക്കാട്ടിയത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. പിന്നീട് പരിഗണിക്കും.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) നഗരകാര്യഡയറക്ടർ**

### 4.7 നെടുമ്പന ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2020-ലെ കത്ത് (SRG 736/20 – CC/768/20)**

*പ്രോ.നം.235/21* *അടങ്കൽ 1,06,89,679/- രൂപ*
*ബ്ലോക്ക് പഞ്ചായത്ത് വിഹിതം -30,00,000/- രൂപ*
*ജില്ലാ പഞ്ചായത്ത് വിഹിതം - 20,00,000/- രൂപ*
*വികസന ഫണ്ട് CFC Tied Grant - 56,89,679 രൂപ)*

***പേര്:-ആധുനിക അറവുശാലയും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി വാങ്ങൽ***

പഞ്ചായത്തിൽ ഒരു ആധുനിക അറവുശാലയും ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആവശ്യത്തിനായി 3.25 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ചട്ടപ്രകാരമുള്ള മറ്റു നടപടി നടക്കുന്നു. സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ കമ്മീഷൻ **Tied Grant** വിഹിതമായി 56,89,679/- രൂപ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** :- 1) സ്ഥലം വാങ്ങുന്നതിനു മാത്രമായി CFC ടൈഡ് ഗ്രാന്റ് വിഹിതം ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി/ആർ.സി) വകുപ്പ്**

### 4.8 നെടുമ്പന ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.9.2020 ലെ കത്ത് (SRG 735/20 – CC/766/20)**

*പ്രോ.നം. 40/21* *അടങ്കൽ 5,00,000/- രൂപ*
*(CFC Basic Grant –)*

***പേര്:- CC TV ക്യാമറ സ്ഥാപിക്കൽ***

മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി **CC TV** സ്ഥാപിക്കുന്നതിന് 5.00 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിരുന്നു. അനുവാദം ലഭിക്കും എന്നു കരുതി സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടി പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രോജക്ടിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- 1) നടപടിക്രമങ്ങളിലെ ഇത്തരം വീഴ്ച ഭാവിയിൽ ഒഴിവാക്കണമെന്നു നിർദ്ദേശിക്കുന്നു. പ്രത്യേകാനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.9 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2020-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.09.2020-ലെ 4(3)ാംം നമ്പർ തീരുമാനവും (SRG 832/20 – CC/932/20)**

***പ്രോ.നം. 142/21*** ***അടങ്കൽ10,00,000/- രൂപ***
*(CFC Basic Grant)*

***പേര്:- തൃക്കൊടിത്താനം ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം - തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്***

തൃക്കൊടിത്താനം ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന് വിഹിതം കൈമാറാനുള്ള പ്രോജക്ട് 2019-20-ൽ ഏറ്റെടുക്കുകയും ഈ വർഷം സ്പിൽഓവറായി തുടരുകയും ചെയ്യുന്നു. തുക തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ഇതേ പ്രവൃത്തിക്ക് പ്രോജക്ട് വച്ചിട്ടുണ്ട്. അതിന്റ പേര് "കുന്നുംപുറം ഗവ.ഹൈസ്കൂൾ, എൽ.പി. സ്കൂൾ മെസ് ഹാൾ അടുക്കള നിർമ്മാണം" എന്നാണ്. തൃക്കൊടിത്താനം ഗവ. ഹയർ സെക്കന്ററി സ്കൂളിനോടനുബന്ധിച്ച് **LPS, UPS** ഹൈസ്കൂൾ വിഭാഗം ഒരേ കോമ്പൗണ്ടിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്.ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടിൽ സ്കൂളിന്റെ പേരിൽ വ്യത്യാസമുണ്ടെങ്കിലും ഒരേ പ്രവൃത്തിയാണ്. ഈ തുക ഗ്രാമപഞ്ചായത്തിന് കൈമാറാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്. സ്പിൽ ഓവർ പ്രോജക്ടായതിനാൽ പ്രോജക്ടിന്റെ പേരിൽ മാറ്റം വരുത്താൻ കഴിയില്ല എന്നതിനാലാണ് കോഓർഡിനേഷൻ കമ്മിറ്റി അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്.

**തീരുമാനം** :- ഇത് രണ്ടും ഒരു പ്രവൃത്തിയാണ് എന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് പ്രോജക്ടിന്റെ പേര് മാറ്റാൻ ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

4.10 ബുധനൂർ ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.09.20-ലെ കത്ത് SRG 732/20 – CC/826/20)**

***പ്രോ.നം. 87/21*** ***അടങ്കൽ 50,000/- രൂപ***
***(തനത് ഫണ്ട്)***

***പേര്:- പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാപ് ടോപ് വാങ്ങൽ***

കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മീറ്റിംഗുകളും മറ്റും ഓൺലൈൻ ആക്കേണ്ടി വന്നു. **CPRCS** വഴി ലാപ് ടോപ് വാങ്ങാൻ കാലതാമസമുണ്ടാകും എന്നതിനാൽ ക്വട്ടേഷൻ മുഖാന്തിരം ലാപ് ടോപ് വാങ്ങി. ഇതിന് സാധൂകരണം നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം** :- സാധൂകരണം നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.11പട്ടിത്തറ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.20-ലെ കത്തും പട്ടിത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതി 09.03.20-ലെ 6(1) നമ്പർ തീരുമാനവും (SRG** 725**/20 – CC/**821**/20)**

പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ റേഷൻ കാർഡില്ലാത്ത താഴെപ്പറയുന്ന 6 കുടുംബം ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. ഇവർക്ക് ആദ്യ ഗഡുവായി 40,000/- രൂപ നൽകി. എന്നാൽ വിശദ പരിശോധനയിൽ ഇവർക്ക് റേഷൻ കാർഡില്ലെന്ന് കണ്ടെത്തി. അതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകിയില്ല. ഇവർക്ക് ഇനിയുള്ള ഗഡുക്കൾ നൽകി വീട് നിർമ്മാണം പൂർത്തിയാക്കാൻ അനുമതി നൽകണമെന്നു സംബന്ധച്ച്.

**ഗുണഭോക്താക്കൾ**

1. ശ്രീമതി. നഫീസ **W/o** മുഹമ്മദ്, വെട്ടിത്തറയ്ക്കൽ
2. ശ്രീമതി. റജില **W/o** അയമു, കോട്ടയിൽ
3. ശ്രീമതി, സീനത്ത് **W/o** നവാസ്, ചാരിപടിക്കൽ
4. ശ്രീമതി. സെമീന **W/o** റഫീക്ക്, അപ്പനപ്പറമ്പിൽ
5. ശ്രീമതി. ഷീബ **W/o** പ്രസാദ്, ചീരക്കുഴിയിൽ
6. ശ്രീമതി. ഷമീറ **W/o** ജലീൽ, പ്ലാന്തോട്ട വളപ്പിൽ

**തീരുമാനം**

1) റേഷൻ കാർഡിൽ പേരില്ലാതെ ഒന്നാം ഗഡു നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ (VEO) പേരിൽ നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു.
2) തുടർന്നുള്ള ഗഡുക്കൾ നൽകണോ എന്നു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**
**3) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

**4.12 തിരുവമ്പാടി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.09.20 ലെ കത്തും തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.09.2020-ലെ** A2-ERP/71/20-**ാം നമ്പർ കത്തും (SRG** 758**/20 – CC/**830**/21)**

***പ്രോ.നം. 214/20*** ***അടങ്കൽ 4,69,054രൂപ***
***(ശുചിത്വ മിഷൻ വിഹിതം 4,68,096/-രൂപ***
***ഗുണഭോക്തൃ വിഹിതം 958/- )***

***പേര് :- '' ക്ലീൻ തിരുവമ്പാടി'' ഗാർഹിക മാലിന്യ സംസ്കരണ പരിപാടി***

2019-20-ലെ ഈ പ്രോജക്ട് കഴിഞ്ഞ വർഷം തന്നെ പൂർത്തിയാവുകയും 2020 മാർച്ചിൽ ഫൈനൽ ബിൽ ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ചെലവ് രേഖപ്പെടുത്തി പ്രോജക്ടിന്റെ പൂർത്തീകരണ പത്രവും രേഖപ്പെടുത്തി . പക്ഷേ ബിൽ മാറാതെ ക്യൂ ബിൽ ആയി മാറുകയായിരുന്നു. ഈ ബിൽ ഇപ്പോൾ സ്പിൽ ഓവറായി തുടരാൻ കഴിയുന്നില്ല. ഇത് സ്പിൽ ഓവർ ആയി തുടരാൻ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) പഞ്ചായത്തിന്റെ ആവശ്യം പരിശോധിച്ച് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
2) **എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**4.13 ചിറക്കടവ് ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.2020-ലെ കത്തും ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 1(6)-ാം നമ്പർ തീരുമാനവും (SRG 762/20 – CC/817/20)**

***പ്രോ.നം. 15/21*** ***അടങ്കൽ 2,66,000/- രൂപ***
***(എസ്.സി.പി)***

***പേര് :-സൗര റാന്തൽ നൽകൽ (SC)***

വൈദ്യുതി കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് സൗര റാന്തൽ വിതരണം ചെയ്യാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.14 കല്ലറ ഗ്രാമ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.20-ലെ കത്തും കല്ലറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.05.2020-ലെ 2(3) -ാം നമ്പർ തീരുമാനവും– (SRG 765/20 – CC/795/20)**

***പ്രോ.നം. 72/21*** ***അടങ്കൽ 3,00,000/- രൂപ***
***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് :-പി.എച്ച്.സി. പാരാ മെഡിക്കൽ സ്റ്റാഫിന് വേതനം നൽകൽ***

കല്ലറ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ഇവിടെ താൽക്കാലികമായി നിയമിച്ച പാരാമെഡിക്കൽ സ്റ്റാഫിനും ക്ലീനിംഗ് സ്റ്റാഫിനും വേതനം നൽകുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :-

1) പാരാമെഡിക്കൽ സ്റ്റാഫിന് വേതനം നൽകുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. അനുവദനീയമായ മറ്റു വിഹിതം ഉപയോഗിക്കണം.
2) ക്ലീനിംഗ് സ്റ്റാഫിനെ നിയമിക്കേണ്ട ചുമതല പഞ്ചായത്തിന്റേതല്ല. പഞ്ചായത്തിൽ നിന്ന് ഇവർക്കുള്ള വേതനം നൽകാവുന്നതല്ല.

**നടപടി: – തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.15 കല്ലറ ഗ്രാമ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.20-ലെ കത്തും കല്ലറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.05.2020-ലെ 2(4) -ാം നമ്പർ തീരുമാനവും (SRG 766/20 – CC/794/20)**

*പ്രോ.നം. 83/21* — *അടങ്കൽ 75,000/- രൂപ*
*(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)*

***പേര്:- കല്ലറ ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർക്ക് വേതനം***

കല്ലറ ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർക്ക് ദിവസ വേതനം നൽകുന്നതിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. ഇതിന് പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ആയുർവേദാശുപത്രിയിൽ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് അറ്റൻഡർക്ക് വേതനം നൽകാവുന്നതല്ല.

**നടപടി: – തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.16 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.20-ലെ കത്തും ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 17.09.2020-ലെ D/1069/2020 -ാം നമ്പർ കത്തും (SRG 768/20 – CC/837/20)**

ഇളംദേശം ബ്ലോക്ക് ക്ഷീര വികസന ഓഫീസിലേയ്ക്ക് ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.17 വയലാർ ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.2020-ലെ കത്തും (SRG 771/20 – CC/832/20)**

***പ്രോ.നം. 98/21***

***അടങ്കൽ 12,00,000/- രൂപ***
*(SCP 6,00,00/-**രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം 3,00,000/- രൂപ***
*Externaly Aided- 3,00,000/-* ***രൂപ)***

***പേര്:- ഇരട്ട വീട് ഒറ്റയാക്കൽ** (SCP)*

വയലാർ ഗ്രാമപഞ്ചായത്തിൽ എം.എൻ ലക്ഷം വീട് പദ്ധതിയിലെ 6 കുടുംബങ്ങൾ താമസിക്കുന്നത് ഇരട്ട വീടുകളിലാണ്. ഈ ഇരട്ട വീടുകൾ ഒറ്റ വീടാക്കാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി കൂടി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :-

1) ഇതിനുപയോഗിക്കുന്ന തുക ലൈഫ് ഭവനപദ്ധതിക്കു മാറ്റി വച്ചിരിക്കുന്ന വിഹിതത്തിൽ (20 ശതമാനം തുക) നിന്നാണെന്ന് യോഗം വിലയിരുത്തി. അനുമതി നിരസിച്ചു.
2) എന്നാൽ പൊതു വിഷയം ഖണ്ഡിക 3.3 പ്രകാരമുള്ള നടപടി സ്വീകരിക്കാൻ തടസ്സമില്ല.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.18 വയലാർ ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.20-ലെ കത്ത് (SRG 772/20 – CC/831/20)**

***പ്രോ.നം. 96/21***

***അടങ്കൽ12,00,000/-രൂപ***
***(വികസനഫണ്ട് (ജനറൽ - 3,00,000/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം 3,00,000/- രൂപ***
*Externaly Aided - 3,00,000/-* ***രൂപ***
***തനത് ഫണ്ട് 3,00,000/- രൂപ)***

***പേര്:-ഇരട്ട വീട് ഒറ്റവീടാക്കൽ (ജനറൽ***

വയലാർ ഗ്രാമപഞ്ചായത്തിലെ എം.എൻ ലക്ഷം വീട് പദ്ധതിയിലെ 6 കുടുംബങ്ങൾ താമസിക്കുന്നത് ഇരട്ട വീടുകളിലാണ്. ഈ വീടുകൾ ഒറ്റവീടാക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി കൂടി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം** :-

1) ഇതിന് ഉപയോഗിക്കുന്ന തുക ലൈഫ് ഭവന പദ്ധതിക്കു മാറ്റി വച്ചിരിക്കുന്ന വിഹിതം (20 ശതമാനം തുക)ത്തിൽ നിന്നാണെന്ന് യോഗം വിലയിരുത്തി. അനുമതി നിരസിച്ചു.
2) എന്നാൽ പൊതു വിഷയം ഖണ്ഡിക 3.3 പ്രകാരമുള്ള നടപടി സ്വീകരിക്കാൻ തടസ്സമില്ല.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.19 കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2020-ലെ കത്ത് (SRG 835/20 CC/903/20)**

***പ്രോ.നം. 38/20*** ***അടങ്കൽ 11,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)***

***പേര്:- കറവ പശുക്കൾക്ക് കാലിത്തീറ്റ (വനിത)***

2019-20-ൽ " കറവ പശുക്കൾക്ക് കാലിത്തീറ്റ" എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. അടങ്കൽ 15,27,000/- രൂപ. 2020 മാർച്ചിൽ ഈ പ്രോജക്ട് ഭേദഗതി ചെയ്ത് 11.00 ലക്ഷം രൂപ അടങ്കലാക്കി വനിതാ ഘടക പദ്ധതിയിൽ നില നിർത്തിക്കൊണ്ട് ബാക്കി തുക കറവ പശുക്കൾക്ക് കാലിത്തീറ്റ (ജനറൽ) പ്രോജക്ടിലേയ്ക്ക് മാറ്റി. റിവിഷൻ നടത്തുന്നതിനു തൊട്ടു മുമ്പായി മുകളിൽ പറഞ്ഞ പ്രോജക്ടിൽ 1,97,587/- രൂപക്ക് റിക്വിസിഷൻ നൽകി തുക ട്രഷറിയിൽ നിന്നു ചെലവഴിച്ചു. തുടർന്നു പ്രോജക്ട് പൂർത്തിയാക്കിയ മുറയ്ക്ക് 11.00 ലക്ഷം രൂപയുടെ ബില്ലും മാറി. ആകെ ചെലവ് 12,97,587/- രൂപ. പ്രോജക്ട് റിവിഷൻ സമയത്ത് നൽകിയ റിക്വിസിഷൻ ക്യാൻസൽ ചെയ്യാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ഈ പിശകു പരിഹരിച്ച് അധികമായി ചെലവഴിച്ച 1,97,587/- രൂപക്ക് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്**

**2)ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ**

## 4.20 ഏലവഞ്ചേരി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2020 തീയതിയിലെ കത്തുകൾ (4 എണ്ണം) (SRG 838/20 CC/842/20) SRG 837/20 CC/841/20, SRG 839/20 CC/843/20, SRG 836/20 CC/844/20)**

*(i)**പ്രോ.നം.** 63/21* ***അടങ്കൽ*** *2,50,000/-* ***രൂപ*** *(CFC Tied Grant))*

***പേര്:- ചേപ്പലോട് കുടിവെള്ള പദ്ധതി***

*(ii)**പ്രോ.നം.** 59/21* ***അടങ്കൽ*** *4,90,000/-* ***രൂപ*** *(CFC Tied Grant))*

***പേര്:- കൊട്ടുവാൾപ്പാറ എലന്തി കൊളുമ്പ് കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ***

*(iii)**പ്രോ.നം.** 64/21* ***അടങ്കൽ*** *2,50,000/-* ***രൂപ*** *(CFC Tied Grant))*

***പേര്:- പന്നിക്കോൽ കുടിവെള്ള പദ്ധതി***

*(iv)* ***പ്രോ.നം. 114/21*** ***അടങ്കൽ 1,10,000/- രൂപ***

*(Road Maintanance Grant)*

***പേര്:- വി.എഫ്.പി.സി.കെ മുൻവശം ഡ്രൈനേജ് നിർമ്മാണം***

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ 63/21, 59/21, 64/21 എന്നിവയ്ക്ക് സാങ്കേതികാനുമതി ലഭിച്ചത് 23.05.20 നും 114/21 എന്ന പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചത് 15.05.2020 നുമാണ്. ഈ സമയത്ത് പണി ആരംഭിച്ച് ഭാഗികമായി പൂർത്തിയാക്കിയിരുന്നു. ടെണ്ടർ നടത്തിയത് 27.05.20 നാണ്. 30.06.2020 നാണ് ഭരണസമിതി യോഗത്തിൽ ടെണ്ടർ അംഗീകാരത്തിന് സമർപ്പിച്ചത്. നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പ്രവൃത്തികൾക്ക് സാധൂകരണം നൽകാനും മെഷർമെന്റ് എടുത്ത് ബിൽ തുക നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി: – 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

## 4.21 പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം

**പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം** (PT - 214) **സെക്രട്ടറിയുടെ 13.10.2020-ലെ കത്ത് (SRG** 840**/20)**

പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം കർഷകർക്ക് ശാസ്ത്രീയ കൃഷി രീതിയിൽ പരിശീലനം നൽകുകയും തൈകൾ, വിത്തിനങ്ങൾ, ജൈവ വളങ്ങൾ മറ്റ് കാർഷിക ഉല്പാദന ഉപാധികൾ എന്നിവ നിർമ്മിക്കുന്നുമുണ്ട്. ഇത്തരം ഉല്പന്നങ്ങൾ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ ഈ സഹകരണ സംഘങ്ങളിൽ നിന്നു വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഈ സംഘത്തെ സംബന്ധിച്ച് പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് വാങ്ങി നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**2) പഞ്ചായത്ത് ഡയറക്ടർ**

**3) പ്രിൻസിപ്പൽ കൃഷി ഓഫീസർ, പത്തനംതിട്ട**

## 4.22 കയർ ഫെഡ് - പരിസ്ഥിതി സൗഹൃദ ചെടിച്ചട്ടി

**പഞ്ചായത്ത് ഡയറക്ടറുടെ 20.09.2020-ലെ PAN/9244/2020/J4/(DP) നമ്പർ കത്തും കയർ ഫെഡ് ചെയർമാന്റെ 22.06.2020-ലെ CF/PDT/20-ാം നമ്പർ കത്തും (SRG 808/20)**

കയർ ഫെഡിന്റെ ആലപ്പുഴ ഫാക്ടറിയിൽ പുതിയതായി "കൊക്കോ പോട്ടിന്റെ" (പ്രകൃതി സൗഹൃദ ചെടിച്ചട്ടി) ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. പരീക്ഷണാർത്ഥം ഇത് കുമാരപുരം ഗ്രാമപഞ്ചായത്തിൽ നൽകിയത് ഒരു ചട്ടിയും അതിൽ നിറയ്ക്കാനുള്ള ചകിരിച്ചോറുമടക്കം 40/- രൂപയ്ക്കാണ്. വിവിധ വലിപ്പത്തിലും രൂപത്തിലുമുള്ള ചെടിച്ചട്ടികൾ നിർമ്മിക്കാൻ കയർ ഫെഡിനു കഴിയും. പ്രകൃതി സൗഹൃദ ചെടിച്ചട്ടി വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-**

1) പ്ലാസ്റ്റിക് നിർമ്മിതമായ ഗ്രോബാഗിനു പകരം 'കൊക്കോ പോട്ട്' ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണെന്ന് യോഗം വിലയിരുത്തി. തദ്ദേശഭരണസ്ഥാപനങ്ങളുടെ കൃഷി പോലുള്ള പ്രോജക്ടുകൾക്ക് ഇതു വാങ്ങാൻ അനുമതി നൽകുന്നു.
2) കൊക്കോ പോട്ടിന്റെ നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യ കൈമാറിയാൽ കുടുംബശ്രീയ്ക്ക് ഇതിന്റെ ഉല്പാദനയൂണിറ്റ് തുടങ്ങാൻ കഴിയുമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. കയർഫെഡ് എം.ഡിയുമായി ഇതു ചർച്ചചെയ്തു തീരുമാനമെടുക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ**

## 4.23 തുമ്പമൺ ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.09.2020-ലെ കത്തും തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.08.2020-ലെ T2 - 07/2020-ാം നമ്പർ കത്തും (SRG 778/20 CC 707/20 )**

***പ്രോ.നം. 14/21*** ***അടങ്കൽ 25,00,000/- രൂപ (വികസന ഫണ്ട് 16,00,000/- രൂപ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് -9,00,000/- രൂപ)***

***പേര്:- കോവിഡ് പ്രതിരോധ പ്രവർത്തനം CFLTC നടത്തിപ്പ്***

കോവിഡ് പ്രതിരോധ പ്രവർത്തനത്തിനും **CFLTC**യുടെ നടത്തിപ്പിനുമായി തയ്യാറാക്കിയ 25 ലക്ഷം രൂപയുടെ പ്രോജക്ടിൽ 9.00 ലക്ഷം രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റാണ്. മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല എന്നതിനാൽ വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പീൽ കമ്മിറ്റിയും അനുമതി നിരസിച്ചു. വികസനഫണ്ടും തനത് ഫണ്ടും കുറവായതിനാൽ

റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. CFLTCയുടെ പ്രവർത്തനമെന്ന പ്രോജക്ടിൽ ആശുപത്രി ഉപകരണങ്ങൾ, മരുന്ന് തുടങ്ങിയവയും വാങ്ങുന്നുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതിന് പ്രത്യേക പ്രോജക്ട് തയ്യാറാക്കി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്. CFLTC യുടെ മറ്റു പ്രവർത്തനത്തിന് തനതുഫണ്ട്, വികസനഫണ്ട് (GL)CFC Basic Grand എന്നിവ ഉപയോഗിക്കേണ്ടതാണ്.

**നടപടി: – തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

### 4.24 പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2020-ലെ കത്തും പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.08.2020-ലെ 18(3)-ാം നമ്പർ തീരുമാനവും (SRG 784/20 CC 845/20 )**

*പ്രോ.നം. 290/21* *അടങ്കൽ 96,000/- രൂപ (തനത്ഫണ്ട്)*

*പേര്:- റോഡരുകിലെ അപകടകരമായ വളവുകളിൽ കോൺവെക്സ് മിറർ സ്ഥാപിക്കൽ*

പഞ്ചായത്തിലെ 18-ാം വാർഡിലെ നെച്ചിയിൽ അംബേദ്കർ റോഡ്, ആനക്കുണ്ട്-അത്താണിക്കൽ റോഡ്, മൂലക്കോട് കോളനി - എ.എം.സി കോളേജ് റോഡ് എന്നീ റോഡുകളിലെ അപകടകരമായ വളവുകളിൽ കോൺവെക്സ് മിറർ സ്ഥാപിക്കാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

### 4.25 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്

**ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2020-ലെ A1-685/15-ാം നമ്പർ കത്തും ദേവികുളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.08.2020-ലെ DB 01/2020 -ാം നമ്പർ കത്തും. ഉള്ളടക്കം ചെയ്തിരിക്കുന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളും (SRG 841/20 )**

താഴെ പറയുന്നവ അംഗീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

(i) ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മൂന്നാർ കോസ്റ്റ് ഇൻഡക്സ്, ഓവർ ഹെഡ് ചാർജ് എന്നിവ ഇടമലക്കുടിയിലെ പ്രവൃത്തികൾക്ക് അപര്യാപ്തമാണ്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മരാമത്ത് പ്രവൃത്തികൾക്ക് 20 ശതമാനം അധിക കൺവയൻസ് ചാർജ്ജ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം അംഗീകരിച്ചു. ഇത് അടിയന്തിരമായി പരിശോധിച്ച് 5 ദിവസത്തിനകം നടപടി സ്വീകരിക്കാൻ തസ്വഭവ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

(ii) ഇടമലക്കുടിയുടെ പ്രത്യേക ഭൂഘടന പ്രകാരം റോഡ് നിർമ്മിക്കുന്ന പല ഭാഗങ്ങളിലെയും മണ്ണ് ഉറപ്പില്ലാത്തതും മൃദു സ്വഭാവമുള്ളതുമാണ്. അതിനാൽ റോഡ് ഫൗണ്ടേഷന് റബിൾ പാക്കിംഗ് ആവശ്യമാണ്. മക്ക് ഫില്ലിംഗ്, ജി.എസ്.ബി. ഫില്ലിംഗ് ഇവ പ്രായോഗികമല്ല. ആയതിനാൽ ഡ്രൈ - റബിൾ പാക്കിംഗ് ചെയ്ത് അതിനു മുകളിൽ കോൺക്രീറ്റ് ചെയ്ത് റോഡ് പണിയുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇതു ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു. ആവശ്യമായ തുടർ നടപടി തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ സ്വീകരിക്കണം.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

(iii) ഇടമലക്കുടി ഗ്രാമപഞ്ചായത്ത് , കൃഷി ഭവൻ, മൃഗാശുപത്രി, മറ്റ് അനുബന്ധ കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 1 ഹെക്ടർ വനഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പഞ്ചായത്തിന്റെ ആവശ്യം വനം വകുപ്പുമായി ചർച്ച ചെയ്ത് ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി: – തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

(iv) 11.04.2017-ലെ 1134/2017/തസ്വഭവ ഉത്തരവു പ്രകാരം പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ കെട്ടിടങ്ങളും പരമ്പരാഗത സാങ്കേതിക വിദ്യ അവലംബിച്ച് മുള, ചെളി എന്നിവ ഉപയോഗിച്ച് അംഗീകൃത ഏജൻസികളെക്കൊണ്ട് പണിയുന്നതിന് അനുമതി നൽകിക്കൊണ്ട് തീരുമാന മെടുത്തിരുന്നു. ഇതിനു പകരം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 13.03.2017 ൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനമാണെന്ന പ്രാധാന്യം കൂടി കണക്കിലെടുത്ത് ഇതിന്മേൽ റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

(v) പട്ടികവർഗ്ഗ വിഭാഗത്തിന് വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഇടമലക്കുടിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഗുണഭോക്തൃ വിഹിതം പൂർണ്ണമായി ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിന് മിക്കവാറും എല്ലാ ഇനങ്ങൾക്കും 100 ശതമാനം സബ്സിഡിയാണ് നിലനിൽക്കുന്നത്. ഏതെങ്കിലും പദ്ധതിയിൽ പ്രത്യേകാവശ്യം ഉണ്ടെങ്കിൽ അപ്പോൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(vi) വാർഷിക പദ്ധതിയിലെ പ്രോജക്ടുകളിൽ വാങ്ങലുകളുമായി ബന്ധപ്പെട്ട ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ ഏജൻസികൾ ലോറി സൗകര്യമുള്ള പെട്ടിമുടി വരെയാണ് എത്തിക്കുന്നത്. അവിടെ നിന്നും സാധനങ്ങൾ എത്തിക്കുന്നതിന് ആവശ്യമായ തുക പദ്ധതി നിർവ്വഹണ ചെലവിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.26 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.09.2020-ലെ 1067/20/DPC/DPO/IDK നമ്പർ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.08.20-ലെ A1-220/20-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 26.06.2020-ലെ 1(9)-ാം നമ്പർ തീരുമാനവും (SRG 842/20 )**

(i) **2019-20** -ൽ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് വികസനഫണ്ടിന്റെ ഉപയോഗത്തിൽ നിന്ന് പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഉല്പാദന മേഖലയുടെ കുറഞ്ഞ പരിധിയും ഒഴിവാക്കിക്കൊണ്ട് സർക്കാർ അനുമതി നൽകിയിരുന്നു. പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ

വർഷവും മേഖലാ വിഭജനത്തിലെ നിബന്ധന ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ വർഷത്തേക്കുകൂടി (2020-21) ഉല്പാദന മേഖലയുടെ കുറഞ്ഞ പരിധിയും പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഒഴിവാക്കികൊണ്ട് അനുമതി നൽകുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം വനിതാ ഘടക പദ്ധതി, കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ തുടങ്ങിയ വിഭാഗത്തിനുള്ള കുറഞ്ഞ പരിധി പാലിക്കണം. ഇതിന് ആവശ്യമായ നടപടി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ സ്വീകരിക്കണം.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ**

(ii) ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019-ലെ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനമെടുത്തിരുന്നു.

പഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ജില്ലയിൽ ഒരു പ്രത്യേക മോണിട്ടറിംഗ് സംവിധാനം ജില്ലാ കളക്ടർ ഒരുക്കണം. ഇവർ നിശ്ചിത കാലയളവിൽ ഇടമലക്കുടി പഞ്ചായത്ത് സന്ദർശി ക്കേണ്ടതും പദ്ധതി ആസൂത്രണ നിർവഹണത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തേണ്ടതുമാണ്. കൂടാതെ 6 മാസത്തിലൊരിക്കലെങ്കിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പഞ്ചായത്തിൽ ക്യാമ്പ് നടത്തണം. ക്യാമ്പിൽ ഉയർന്നു വരുന്ന ആവശ്യങ്ങൾ പരിഹരിക്കാൻ പ്രത്യേക ഇടപെടൽ ജില്ലാ കളക്ടർ നടത്തണം. ഈ കാര്യത്തിൽ ആവശ്യമായ ഏകോപനം ജില്ലാ ആസൂത്രണസമിതി നടത്തണം. ഈ സംവിധാനത്തിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് അവലോകനം ചെയ്യാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.27 കൊല്ലം ജില്ലാ പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2020-ലെ കത്തും കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ A13-1943/20-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 13.07.2020-ലെ 2(5)-ാം നമ്പർ തീരുമാനവും (SRG** 783**/20 CC** 741**/20 )**

***പ്രോ.നം. 890/21*** ***അടങ്കൽ 15,00,000/- രൂപ***
***(വികസനഫണ്ട് - ജനറൽ)***

***പേര്:- കിറ്റ് കോസ് ലെയ്ക്ക് നിർമ്മാണ യൂണിറ്റ് നവീകരണം***

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കിറ്റ് കോസ് ലെയ്ത്ത് നിർമ്മാണ യൂണിറ്റ് നവീകരണത്തിനുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് മാർഗ്ഗരേഖയിലെ താഴെപ്പറയുന്ന നിബന്ധന ഒഴിവാക്കി നൽകണമെന്നത് സംബന്ധിച്ച്.

(i) മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകുന്നതിനു തൊട്ടു മുമ്പുള്ള വർഷം യൂണിറ്റ് പ്രവർത്തന ലാഭത്തിലാകണമെന്ന നിബന്ധന ഒഴിവാക്കണം.

(ii) ചെലവിന്റെ 80 ശതമാനമാണ് ധനസഹായം നൽകാവുന്നത്. ഇത് ഒഴിവാക്കി 100 ശതമാനം ധനസഹായം നൽകാൻ അനുമതി നൽകണം.

(iii) ധനസഹായം ബാങ്കിലേയ്ക്ക് ബാക്ക് എൻഡ് സബ്സിഡിയായി നൽകുന്നതിനു പകരം നേരിട്ടു നൽകണം.

**തീരുമാനം :-** മുകളിൽ പറഞ്ഞതിൽ ഒന്നാമത്തെ നിബന്ധന ഒഴിവാക്കാൻ പ്രത്യേക അനുമതി നൽകുന്നു. രണ്ടും മൂന്നും നിബന്ധന പാലിക്കേണ്ടതാണ്. പ്രോജക്ടിൽ എന്ത് തരം നവീകരണമാണ് എന്ന് വ്യക്തമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകണം.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.28 കിഴക്കഞ്ചേരി പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2020-ലെ കത്തും കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.08.2020-ലെ 3(1)-ാം നമ്പർ തീരുമാനവും (SRG 788/20 CC 882/20 )**

***പ്രോ.നം. 321/21*** ***അടങ്കൽ 1,61,000/- രൂപ***
*(TSP - 1,60,000/-*
***തനത് ഫണ്ട് 1000/- രൂപ)***

***പേര്:- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സോളാർ ലാമ്പ് വിതരണം***

കഴിഞ്ഞ വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സോളാർ ലാമ്പ് വിതരണം ചെയ്യാനുള്ള പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും ലാമ്പ് വിതരണം ചെയ്യാൻ കഴിഞ്ഞില്ല. ഗുണഭോക്തൃ ലിസ്റ്റിലെ പലരും പഠനം പൂർത്തീകരിച്ചു. പഠനം പൂർത്തീകരിച്ചവർക്കു കൂടി സോളാർ ലാമ്പ് വിതരണം ചെയ്യാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.29 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2020-ലെ കത്തും തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22.09.2020-ലെ C/20/20-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.2020-ലെ 40/20 -21/ DPC/DPO/MPM**

***പ്രോ.നം. 135/21*** ***അടങ്കൽ 10,00,000/- രൂപ***
***(നിർമ്മൽ പുരസ്കാര ഫണ്ട്)***

***പേര്:- തിരുനാവായ വൈരങ്കോട് ക്ഷേത്ര പരിസരത്ത് കമ്മ്യൂണിറ്റി ടോയിലറ്റ്***

വൈരങ്കോട് ക്ഷേത്രത്തിന്റെ സ്ഥലത്ത് ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിരുന്നു. എന്നാൽ ഈ പദ്ധതിക്കായവശ്യമായ സ്ഥലം സർക്കാരിലേയ്ക്ക് വിട്ടുകിട്ടുന്നത് വരെ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട യാതൊരു നടപടിക്രമങ്ങളും സ്വീകരിക്കരുത് എന്ന നിബന്ധന 04.08.20-ൽ കൂടിയ ജില്ലാ ആസൂത്രണസമിതി യോഗം ബ്ലോക്ക് പഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് സ്ഥലം കൈമാറാതെ ക്ഷേത്ര ഭരണസമിതിയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പൊതു ആവശ്യത്തിന് ടോയിലറ്റ് കോംപ്ലക്സ് ലഭ്യമാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.30 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

**കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.07.2020-ലെ A2 - 1008/20-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 17.06.20200-ലെ 2(2) -ാം നമ്പർ തീരുമാനവും (SRG 846/20 - LSGD - FM3/224/20/LSGD**

ജലനിധി പദ്ധതി നടത്തിപ്പിനായി 2016-17-ൽ 10.00 ലക്ഷം രൂപ **SBI** കാലടി ബ്രാഞ്ചിൽ നിക്ഷേപിച്ചിരുന്നു. ശ്രീമൂലനഗരം, നെടുമ്പാശ്ശേരി, കാഞ്ഞൂർ, ചെങ്ങമനാട് എന്നീ പഞ്ചായത്തുകൾ സംയുക്തമായാണ് പദ്ധതി ആവിഷ്ക്കരിച്ചിരുന്നത്. വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു. ഈ സാഹചര്യത്തിൽ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന 10.00 ലക്ഷം രൂപ ജല ജീവൻ പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.31 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2020-ലെ കത്ത് (SRG 795/20 - CC/887/20)**

*പ്രോ.നം. 202/21* ***അടങ്കൽ 17,34,000/- രൂപ***

***(വികസന ഫണ്ട്** Flood Releif **(ജനറൽ)-13,00,000/- രൂപ***

***ഗുണഭോക്തൃ വിഹിതം - 4,33,500/- രൂപ***

***തനത് ഫണ്ട് -500)***

***പേര്:- കുടിവെള്ള ടാങ്ക്***

500 ലിറ്ററിന്റെ കുടിവെള്ള ടാങ്ക് ബി.പി.എൽ. കുടുംബത്തിന് വിതരണം ചെയ്യുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കുടിവെള്ള പ്രശ്നം നേരിടുന്ന പഞ്ചായത്തിൽ 2015-16

മുതൽ ആകെ 2578 കുടിവെള്ള ടാങ്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രളയ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷം തയ്യാറാക്കിയ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.32 കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്**

**കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ) മാനേജിംഗ് ഡയറക്ടറുടെ 21.05.2020 -ലെ കാംകോ/MD/GD/മാർക്കറ്റിംഗ് നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.20-ലെ ഖണ്ഡിക 2.3(4.34) തീരുമാനവും**

(**SRG 376/20 (** EPA4/124/20/LSGD)

അഗ്രി ടൂൾ കിറ്റുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാംകോ കാർഷിക ഉപകരണങ്ങൾ വിപണിയിലെത്തിക്കാൻ ഉദ്ദേശിക്കുന്നു. പൊതു വിപണിയിൽ 1586/- രൂപ വിലവരുന്ന ഉപകരണങ്ങൾ 999/- രൂപയ്ക്കും 29,000/- രൂപ വിലവരുന്ന ഉപകരണങ്ങൾ 24,000/-രൂപയ്ക്കുമാണ് വിപണിയിലെത്തിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഈ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നു സംബന്ധിച്ച് മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം കിറ്റിലുള്ള ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് കാംകോ വ്യക്തമാക്കി നൽകിയിരുന്നു. വിശദാംശം താഴെ ചേർക്കുന്നു.

**ടൂൾ കിറ്റ് 1**

1) ഹാന്റ് പ്രഷർ സ്പ്രേയർ - 1 ലിറ്റർ
2) വാട്ടർ സ്പ്രിംഗ്ളർ കാൻ - 5 ലിറ്റർ
3) ഹൊ വിത്ത് സിംഗിംൾ പ്രോങ്ങ്
4) ഹാന്റ് കൾട്ടിവേറ്റർ
5) ഹാന്റ് ടൊവൽ
6) ടൂൾ ബാഗോട്ടു കൂടിയ സ്റ്റൂൾ

999/- രൂപയാണെന്നാണ് അറിയിച്ചിരിക്കുന്നത് എങ്കിലും ജി.എസ്.ടിയും സെസ്സും അടക്കം 1,159/- രൂപ.

**ടൂൾ കിറ്റ് 2**

1) കാംകോ മൈക്രോ ടില്ലർ
2) കൈ തുമ്പ
3) പവർ സ്പ്രേയർ (5 ലിറ്റർ)
4) പ്രൂണിംഗ് സെക്കട്ടർ (റോൾ കട്ട്)
5) ഹാന്റ് ടൊവൽ വലുത്
6) ഹാന്റ് ഫോർക്ക്
7) ഹാന്റ് കൾട്ടിവേറ്റർ
8) ഷവൽ
9) ഗാർഡൻ റേക്ക്

10) പ്രൂണിംഗ് സോ

24,000/-രൂപയെന്നാണ് അറിയിച്ചിരിക്കുന്നത് എങ്കിലും ജി.എസ്.ടിയും സെസ്സും അടക്കം 28,560/- രൂപ.

ഇതിന്മേൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായമാരാഞ്ഞുവെങ്കിലും അഭിപ്രായമറിയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ നിബന്ധനയ്ക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ട് 12.08.20-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുത്തിരുന്നു.

എന്നാൽ ഇപ്പോൾ സർക്കാർ ഫയലിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് ''കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച് 5 വർഷത്തിലധികമായ ഒരു പൊതു മേഖലാ സ്ഥാപനമായതിനാൽ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.22, 9.23 പ്രകാരം ടി സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ വാങ്ങുവാൻ സാധിക്കുകയില്ല'' എന്ന് അറിയിച്ചിരിക്കുന്നു. ഇതിന്മേലുള്ളതീരുമാനം സംബന്ധിച്ച്.

**തീരുമാനം:-** **1)** സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ കുറിപ്പനുസരിച്ച് **KAMCO**-യുടെ ആവശ്യത്തിന്മേൽ 12.08.20 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ നൽകിയ അനുമതി റദ്ദ് ചെയ്യുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.33 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസ്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2020-ലെ 3177/2018-19/ DPC/DPO/MPM നമ്പർ കത്തും വജ്ര ജൂബിലി ഫെലോഷിപ്പ് മലപ്പുറം ജില്ലാ കോഓർഡിനേറ്ററുടെ 2309.2020-ലെ കത്തും (SRG 849/20)**

സംസ്ഥാന സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വജ്ര ജൂബിലി ഫെലോഷിപ്പ് പരിപാടി സംസ്ഥാനത്താകെ നടപ്പാക്കുന്നുണ്ട്. സാംസ്കാരിക വകുപ്പ് നൽകുന്ന ധനസഹായത്തോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾ 5000/- രൂപ വീതം നൽകണമെന്നാണ് സർക്കാർ നിർദ്ദേശം. കൊവിഡ് 19 പശ്ചാത്തലത്തിൽ കഴിഞ്ഞ മാർച്ചിനു ശേഷം കലാ പരിശീലന ക്ലാസ്സുകൾ ഓൺ ലൈനായി ആണ് നടക്കുന്നത്. ഓൺ ലൈൻ ക്ലാസ്സ് ജില്ലയിൽ ഫലപ്രദമായി നടക്കുന്നുവെന്ന് ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സ് എടുക്കുമ്പോഴും തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം നൽകണമെന്ന് ഉത്തരവില്ലാത്തതിനാൽ മലപ്പുറം ജില്ലയിൽ വേങ്ങര, കുറ്റിപ്പുറം എന്നീ ബ്ലോക്ക് ക്ലസ്റ്ററുകളിലെ ക്ലസ്റ്റർ വിഹിതം കലാകാരന്മാർക്ക് ലഭിക്കുന്നില്ല. മറ്റ് ബ്ലോക്ക് ക്ലസ്റ്ററുകളിൽ പ്രശ്നമില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പൊതുതീരുമാനം ഖണ്ഡിക 3.5 ബാധകമാണ്.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.34 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.10.2020-ലെ കത്തും അനുബന്ധ രേഖകളും (SRG 847/20 - CC/754/20)**

***പ്രോ.നം. 1369/21*** ***അടങ്കൽ 30,00,000/- രൂപ***

***പേര്:- അയർക്കുന്നം ഗ്രാമപഞ്ചായത്ത് - മഹാത്മ കോളനിയിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം***

അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മഹാത്മാ ഗാന്ധി കോളനിയിലെ ആകെയുള്ള 18 കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച നൽകാൻ ഉദ്ദേശിക്കുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലേയും പൊതു വിഭാഗത്തിലേയും ആൾക്കാരാണ് ഇവിടെ താമസിക്കുന്നത്. മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശമായതിനാൽ പില്ലർ വാർത്ത് അതിന്മേൽ ഓരോ വീടുകൾ പണിയാനാണ് ഉദ്ദേശിക്കുന്നത്. അധിക തുക സർക്കാർ വിഹിതമോ സ്പോൺസർഷിപ്പോ ആയി പ്രതീക്ഷിക്കുന്നു. ഈ കുടുംബങ്ങൾ നിലവിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.35 വല്ലപ്പുഴ ഗ്രാമപഞ്ചാത്ത്

**വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.10.2020-ലെ A3-1526/15-ാം നമ്പർ കത്ത് (SRG 852/20)**

2018-19 വർഷത്തെ താഴെപ്പറയുന്ന 3 പ്രോജക്ടുകൾ 2019-20ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഈ പ്രോജക്ടുകളുടെ മുഴുവൻ തുകയും കൊടുത്തു തീർന്നിട്ടില്ല. അബദ്ധവശാൽ ഇവ പൂർത്തീകരിച്ച പ്രോജക്ടുകളുടെ ലിസ്റ്റിൽ ആണ് ഉൾപ്പെട്ടിരിക്കുന്നത്. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| പ്രോനം | പേര് | അടങ്കൽ |
|---|---|---|
| 1 194/20 | OLP സ്കൂൾ റോഡ് കോൺക്രീറ്റിംഗ്<br>(ഇനി നൽകാനുള്ള തുക 25,297/- രൂപ) | 2,00,000/- രൂപ<br>(തനത് ഫണ്ട്) |
| 2. 146/19 | കാട്ടിരിക്കുളം SC കുടിവെള്ള പദ്ധതി<br>(ഇനി നൽകാനുള്ള തുക 2,31,816/-രൂപ) | 3,00,000<br>(വികസന ഫണ്ട് |
| 3. 282/19 | മുത്തേടത്ത് പടി റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ്<br>(ഇനി നൽകാനുള്ള തുക 70,070/- രൂപ) | 90,000/- രൂപ<br>(CFC - 70, 000/- രൂപ)<br>തനത് ഫണ്ട് 20,000/രൂപ |

**തീരുമാനം :-** ഇത് ജില്ലാ പ്ലാനിംഗ് ഓഫീസർ കൂടി പരിശോധിച്ച് ശുപാർശ ചെയ്യുന്ന മുറയ്ക്ക് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഐ.കെ.എം.എക്സിക്യൂട്ടീവ് ഡയറക്ടർ**

## 4.36 മണീട് ഗ്രാമപഞ്ചാത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2020-ലെ കത്തും മണീട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.09.2020-ലെ A1-3300/14-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 799/20 - CC /902/20)**

***പ്രോ.നം. 98/21*** ***അടങ്കൽ 60.000/- രൂപ (SCP - 50,000/- തനത് ഫണ്ട് 10,000/- രൂപ)***

***പേര്:- ഈറ്റ വിതരണം (വനിത)***

ബാംബൂ കോർപ്പറേഷനിൽ നിന്നും ഈറ്റ വാങ്ങി ഈറ്റ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മാർഗ്ഗരേഖ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം ഒഴിവാക്കി സഹായം നൽകാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

കഴിഞ്ഞ വർഷം ഇതേ രീതിയിൽ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിന്ന് അനുമതി ലഭിച്ചിരുന്നു. എന്നാൽ തുടർന്നുള്ള വർഷം ഗ്രൂപ്പ് രൂപീകരിച്ച് റിവോൾവിംഗ് ഫണ്ട് നൽകുന്ന രീതിയിലാകണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഗുണഭോക്താക്കൾ വയോജനങ്ങൾ ആയതിനാൽ ഗ്രൂപ്പ് രൂപീകരിച്ച് റിവോൾവിംഗ് ഫണ്ട് നൽകാൻ ബുദ്ധിമുട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** ഗുണഭോക്തൃ വിഹിതം ഒഴിവാക്കി ധനസഹായം നൽകാൻ അനുമതി നൽകുന്നു.

.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.37 പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2020-ലെ കത്തും പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23.09.2020-ലെ കത്തും (SRG 802/20 - CC /883/20)**

***പ്രോ.നം. 89/21*** ***അടങ്കൽ 7,22,000/- രൂപ (CFC Tied Grant 6,70,000/- CFC Basic Grant - 52,000)***

***പേര്:- നിർമ്മലം നിർഭയം***

സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനുമായി CC TV ക്യാമറ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ട് 'നിർമ്മലം നിർഭയം' എന്ന പേരിൽ നടപ്പാക്കുന്നു. 2018-19-ൽ 20.00 ലക്ഷം രൂപയും 2019-20 ൽ 18.50 ലക്ഷം രൂപയും ഇതിനായി ചെലവഴിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ കൂടി CC TV ക്യാമറ വയ്ക്കുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.38 വേളൂക്കര ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2020-ലെ കത്തും വേളൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.09.2020-ലെ A2 - 606/20-ാം നമ്പർ കത്തും.**

***പ്രോ.നം. 50/21*** ***അടങ്കൽ 1,00,000/-- രൂപ***

*(തനത് ഫണ്ട്)*

***പേര്:- ഗ്രാമ ജാലകം സാംസ്കാരിക പതിപ്പ്***

വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ ഓരോ വർഷത്തെയും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 'ഗ്രാമ ജാലകം' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം പഞ്ചായത്തിൽ വർഷം തോറുമുണ്ട്. പഞ്ചായത്തിലെ കലാ സാഹിത്യ പ്രവർത്തനങ്ങളിൽ മുഴകിയിട്ടുള്ളവരുടേയും വിദ്യാർത്ഥികളുടേയും സർഗ്ഗ വാസന പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഇത്. കഴിഞ്ഞ 23 വർഷമായി ഇത് പ്രസിദ്ധീകരിക്കുന്നു. ഈ പ്രോജക്ടിന് വെറ്റിംഗ് ഓഫീസറും ഇന്നവേറ്റീവ് പ്രോജക്ടിനുള്ള ജില്ലാതല കമ്മിറ്റിയും അനുമതി നിരസിച്ചു. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 23 വർഷമായി തുടരുന്ന ഒരു പ്രവർത്തനമായതിനാൽ അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4.39 അഗളി ഗ്രാമപഞ്ചായത്ത്**

**അഗളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.10.20-ലെ 0 A4 - 2524/20-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 29.09.2020-ലെ 1(1)-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 29.09.2020-ലെ 1(1)-ാം നമ്പർ തീരുമാനവും. (SRG 853/20 - ERA3/175/2019/LSGD)**

അഗളി ഗ്രാമപഞ്ചായത്തിൽ ഒരു മുൻസിഫ് - മജിസ്ട്രേറ്റ് കോടതി ആരംഭിക്കാൻ സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അട്ടപ്പാടി ITDP ഓഫീസ് വിട്ടുകൊടുക്കാൻ തീരുമാനമായിട്ടുണ്ട്. (ITDP ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറി) ITDP ഓഫീസ് കോടതി ഹാളാക്കി മാറ്റുന്നതിനുവേണ്ട നിർമ്മാണ പ്രവൃത്തിക്ക് 6,66,000/- രൂപ ചെലവഴിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സബന്ധിച്ച്.

**തീരുമാനം :-**

1) ഇത് തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയല്ലെന്ന് യോഗം നിരീക്ഷിച്ചു. അനുമതി നിരസിച്ചു.
2) എന്നാൽ ഇതിന് ആവശ്യമായ തുക പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നു നൽകാമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ചതായി സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകതാസൂത്രണ വിഭാഗം ചീഫ് യോഗത്തിൽ അറിയിച്ചു. പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ നിന്നു ഫണ്ടു ലഭിക്കുന്നതിനാ വശ്യമായ നടപടി ITDP പ്രോജക്ട് ഓഫീസർ സ്വീകരിക്കണം.

**നടപടി: – തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്**

**2) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**

**3) ഐ.റ്റി.ഡി.പി. പ്രോജക്ട് ഡയറക്ടർ, പാലക്കാട്**

## 4.40 കുടുംബശ്രീ

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.10.20-ലെ കത്ത്** (SRG /753/**20** )

കുടുംബശ്രീ വനിത കർഷകർക്കിടയിൽ നിന്നും കാർഷിക മേഖലയിൽ കൂടുതൽ പ്രാവീണ്യമുള്ള കർഷകരുടെ കൂട്ടായ്മയാണ് മാസ്റ്റർ കർഷകർ എന്നത്. അവരുടെ ഇടയിൽ നിന്നും മറ്റുള്ളവർക്ക് അറിവ് പകർന്നു കൊടുക്കാൻ കഴിവുള്ളവരും മികച്ച രീതിയിൽ കാർഷിക പ്രവർത്തനങ്ങളിൽ ഇടപെടാൻ സാധിക്കുന്നതും ആയ കർഷകരെയാണ് ജീവ (**JEV- JLG Evaluation Agent)** എന്ന നിലയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. പല ഘട്ടങ്ങളിലായി വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള ഈ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ 70,000 ത്തോളം വരുന്ന കൃഷി സംഘങ്ങൾക്ക് വിവിധ കൃഷി മുറകളിൽ പരിശീലനം നൽകി വരുന്നു. 2500 മാസ്റ്റർ കർഷകരും 466 ജീവ അംഗങ്ങളും എല്ലാ പഞ്ചായത്തുകളിലുമായി കുടുംബശ്രീക്ക് കീഴിൽ സജ്ജരാണ്.

കൃഷിയിലേയ്ക്ക് തൽപരരായി വരുന്ന പുതിയ കാർഷിക സംഘങ്ങൾക്കോ വ്യക്തികൾക്കോ പരിശീലനം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ കുടുംബശ്രീയുടെ ഈ കാർഷിക സേവന സംഘങ്ങളെ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കാർഷിക മേഖലയിലെ പരിശീലകരായി കുടുംബശ്രീയുടെ മാസ്റ്റർ കർഷകരുടെയും ജീവ ടീം അംഗങ്ങളുടേയും സേവനത്തിന് പ്രതിദിനം 750/- രൂപ ഓണറേറിയം നിരക്കിൽ അതത് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നൽകുന്നതിന് അനുമതി നല്കണമെന്നത് സംബന്ധിച്ച്.

ജില്ലാതലത്തിലെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം താഴെപറയും പ്രകാരമാണ്.

| **കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം (2020-21)** | | | |
|---|---|---|---|
| **നം** | **ജില്ല** | **ജില്ലയിലെ ആകെ ജീവ പ്രവർത്തകരുടെ എണ്ണം** | **ജില്ലയിലെ ആകെയുള്ള സജീവ മാസ്റ്റർ കർഷകരുടെ എണ്ണം** |
| 1 | തിരുവനന്തപുരം | 24 | 219 |
| 2 | കൊല്ലം | 36 | 139 |
| 3 | പത്തനംതിട്ട | 24 | 190 |
| 4 | ആലപ്പുഴ | 27 | 185 |
| 5 | കോട്ടയം | 39 | 217 |
| 6 | ഇടുക്കി | 25 | 120 |
| 7 | എറണാകുളം | 39 | 70 |
| 8 | തൃശ്ശൂർ | 64 | 300 |
| 9 | പാലക്കാട് | 24 | 69 |
| 10 | മലപ്പുറം | 60 | 190 |
| 11 | കോഴിക്കോട് | 39 | 84 |
| 12 | വയനാട് | 12 | 257 |
| 13 | കണ്ണൂർ | 33 | 226 |
| 14 | കാസർഗോഡ് | 20 | 234 |
| | **ആകെ** | **466** | **2500** |

**തീരുമാനം :-** തദ്ദേശഭരണസ്ഥാപനങ്ങളുടെ അസോസിയേഷൻ ഭാരവാഹികളുമായി ചർച്ചചെയ്ത് അസോസിയേഷന്റെയും കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി : – 1)തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്**

**4.41 മങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2020-ലെ കത്തും മങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.12.2019-ലെ A1-5000/19-ാം നമ്പർ കത്തും (SRG 819/20 - CC /1058/20)**

***പ്രോ.നം. 18/20*** ***അടങ്കൽ 8,00,000/-- രൂപ***

***(വികസന ഫണ്ട് - ജനറൽ - 6,00,000/-രൂപ***

***ബ്ലോക്ക് വിഹിതം - 1,20,000/- രൂപ***

***ജില്ലാ പഞ്ചായത്ത് വിഹിതം - 80,000/- രൂപ)***

***പേര്:- ആശ്രയ - ലൈഫ് ഭവന നിർമ്മാണം***

ശ്രീ. വത്സൻ കുനിയിൽ എന്ന ആൾ ആശ്രയ കുടുംബമാണ്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്ക് വീട് നിർമ്മിച്ചു നൽകാൻ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താതെ തന്നെ വീടു നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.42 അഴിക്കോട് ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2020-ലെ കത്തും അഴിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.07.20-ലെ A3-3129/19-ാം നമ്പർ കത്തും (SRG 820/20 - CC /740/20)**

ശ്രീമതി സരസ്വതി, വാടി ഹൗസ് , ചാൽ കോളനി എന്ന ആൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ഇവർക്ക് വീട് നിർമ്മാണത്തിന് 2 ഗഡുക്കളായി ആകെ 2.00 ലക്ഷം രൂപ നൽകി. ഇവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ബാക്കി ഗഡു കൂടി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) ലൈഫ് ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താവിന് വീടു നിർമ്മാണത്തിന് 2.00 ലക്ഷം രൂപ നൽകിയത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ ഗുരുതര വീഴ്ചയാണ്. ഇതു പരിശോധിച്ച് നടപടിയെടുക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

2) പകുതി ധനസഹായം നൽകിയ സ്ഥിതിക്ക് ഇതിന് സാധൂകരണം നൽകി ബാക്കി ഗഡു കൂടി നൽകാൻ അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

### 4.43 മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2020-ലെ കത്തും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.08.2020-ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 833/20 - CC /899/20)**

*പ്രോ.നം. 24/21* *അടങ്കൽ 4,50,000/-- രൂപ*
*(വികസന ഫണ്ട് - ജനറൽ)*

***പേര്:- മാലിന്യ നിക്ഷേപം നിയന്ത്രിക്കുന്നതിനായി CC TV ക്യാമറ സ്ഥാപിക്കൽ***

മാലിന്യ നിക്ഷേപം നിയന്ത്രിക്കുന്നതിന് **CC TV** ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.44 പാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2020-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.07.2020-ലെ 3(4)-ാം നമ്പർ തീരുമാനവും (SRG 821/20 - CC /721/20)**

*പ്രോ.നം. 102/21* *അടങ്കൽ 5,00,000/-- രൂപ*
*(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് )*

***പേര്:-മൊകേരി പി.എച്ച്.സി.യ്ക്ക് ലാബ് ഉപകരണങ്ങൾ***

ചൊക്ലി പി.എച്ച്.സി.യ്ക്ക് ലാബ് ഉപകരണങ്ങൾ വാങ്ങാനുള്ള ഈ പ്രോജക്ടിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റാണ് ഉപയോഗിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിൽ സി.എച്ച്.സി. ഇല്ല. പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസും ഘടക സ്ഥാപനങ്ങളും പുതുതായി നിർമ്മിച്ച ഓഫീസ് സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മറ്റ പ്രവൃത്തികൾ ഏറ്റെടുക്കാനില്ല. അതിനാൽ ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കൊവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ പ്രത്യേക അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.45 പാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2020-ലെ കത്തും പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.07.2020-ലെ 3(4)-ാം നമ്പർ തീരുമാനവും (SRG 822/20 - CC / 720/20)**

***പ്രോ.നം. 93/21*** ***അടങ്കൽ 6,32,500/-- രൂപ***

***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് )***

***പേര്:-ചൊക്ലി പി.എച്ച്.സി.യ്ക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കൽ***

ചൊക്ലി പി.എച്ച്.സി.യ്ക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള ഈ പ്രോജക്റ്റിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റാണ് ഉപയോഗിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിൽ സി.എച്ച്.സി കൾ ഒന്നും ഇല്ല. ബ്ലോക്ക് പഞ്ചായത്ത് ഓഫീസും ഘടക സ്ഥാപനങ്ങളും പുതുതായി നിർമ്മിച്ച ഓഫീസ് സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മറ്റ പ്രവൃത്തി ഏറ്റെടുക്കാനില്ല. അതിനാൽ ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.46 മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

**മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.10.2020-ലെ DDP -MPM/2008/2020-D-10 ാം നമ്പർ കത്ത് (SRG 85520)**

കൊവിഡ് 19 പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പഠന കേന്ദ്രങ്ങളിൽ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് KSFE പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വിദ്യാ സഹായി എന്ന പദ്ധതിയിൽ ടെലിവിഷന്റെ വിലയുടെ 75 ശതമാനം (പരമാവധി 10,0000/- രൂപ)യാണ് KSFE നൽകുന്നത്. ബാക്കി തുക MLA യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടും പ്രത്യേക വികസന നിധിയും ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ചില പ്രദേശങ്ങളിൽ തദ്ദേശഭരണ സ്ഥപനങ്ങൾ തനത് ഫണ്ട് ഉപയോഗിക്കുന്നു. ഏതുതരം ടി.വിയാണ് വാങ്ങേണ്ടതെന്ന് KSFE നിശ്ചയിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കാൻ ടി.വി. വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടി ചട്ടങ്ങൾ ഒഴിവാക്കി നൽകണമെന്ന് അബ്ദുറബ്ബ് MLA ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള ചട്ടങ്ങൾ ഒഴിവാക്കി ടി.വി. വാങ്ങാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** 1) ഓൺലൈൻ വിദ്യാഭ്യാസസൗകര്യമൊരുക്കുന്നതിലെ കാലതാമസമൊഴിവാക്കുന്നതിനായി KSFE ലിസ്റ്റ് ചെയ്ത സ്ഥാപനത്തിൽ നിന്ന് നിശ്ചയിക്കപ്പെട്ട വിലയിൽ പരിമിതപ്പെടുത്തി വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.47 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.20 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.05.20 ലെ 531/20(1)-ാം നമ്പർ കത്തും** (SRG 856/20)

*പ്രോജക്ട് നമ്പർ - 21/21* *അടങ്കൽ 19,79,000/- രൂപ (SCP)*

***പേര് - എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ***

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലായി 395 പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് കുട്ടികളുടെ ക്ഷേമത്തിനു വേണ്ടി മാറ്റി വച്ചിരിക്കുന്ന 5 ശതമാനം തുകയാണ് ഉപയോഗിച്ചിരിക്കുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പ്രോജക്ട് ആയതിനാൽ ജില്ലാ ആസൂത്രണസമിതി ഇതിനു അനുമതി നിരസിച്ചു.

ഇത് 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും ഏതൊക്കെ പഞ്ചായത്തുകളിൽ ഏതൊക്കെ സ്കൂളിലെ കുട്ടികൾക്കാണ് ഫർണിച്ചർ നൽകുന്നതെന്ന് വ്യക്തമാക്കി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കൂടാതെ ഫർണിച്ചറുകൾ ഏതൊക്കെയാണെന്നും നിർവഹണ രീതി എങ്ങനെയാണെന്നും വ്യക്തമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്മേൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് സഹിതം വീണ്ടും നൽകിയിരിക്കുന്നു.

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ എരുമപ്പെട്ടി, ദേശമംഗലം, വരവൂർ, മുള്ളൂർക്കര, തെക്കുംകര എന്നീ പ്രദേശങ്ങളിലെ 10-ാം ക്ലാസ്സ് മുതൽ പി.ജി. തലം വരെയുള്ള വിദ്യാർത്ഥികൾക്കാണ് ഫർണിച്ചർ നൽകുന്നത്. മേശയും കസേരയുമാണ് നൽകുന്നത്. ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുവാദമുള്ള സർക്കാർ ഏജൻസികളിൽ നിന്നാണ് ഫർണിച്ചർ വാങ്ങാൻ ഉദ്ദേശിക്കുന്നത് എന്നതറിയിച്ചിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.48 ഹരിത കേരളം മിഷൻ

**ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സന്റെ 16.07.2020-ലെ A1/336/2019/ HKM നമ്പർ കത്തും 30.09.2020-ലെ DA1/255/20/തസ്വഭവ സർക്കാർ കത്തും** (SRG 857/20)

കിണറുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലേയും (ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും) ഒരു ഹയർ സെക്കന്ററി സ്കൂളുകളിൽ വീതം ലാബുകളിൽ ക്രമീകരണം ചെയ്യുന്നുണ്ട്. ഹയർ സെക്കന്ററി സ്കൂളുകളിൽ ഇതിനുള്ള ക്രമീകരണം ഒരുക്കുന്നത് MLASDF -ൽ നിന്നാണ്. ഈ ലാബുകളുടെ തുടർ ചെലവും ഓരോ ടെസ്റ്റിനും ചെലവാകുന്ന

200/- രൂപയും അതത് തദ്ദേശഭരണ സ്ഥാപനം വഹിക്കണമെന്നും അതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ നിർദ്ദേശിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** തൽക്കാലം ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി:** – **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

യോഗം വൈകിട്ട് 5.00 ന് അവസാനിച്ചു

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 ഡോ.കെ.എൻ. ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3 എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ
4 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
5 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6 ഡയറക്ടർ, നഗരകാര്യ വകുപ്പ്
7 ഗ്രാമവികസന കമ്മീഷണർ
8 അഡീഷണൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്
9 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
10 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
12 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
13 ഡയറക്ടർ ജനറൽ, കില
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
15 ഡയറക്ടർ, പട്ടികജാതി വികസനം (പ്രതിനിധി)
16 ഡയറക്ടർ, പട്ടികവർഗ്ഗ വികസനം (പ്രതിനിധി)
17 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
18 ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
19 മാനേജിംഗ് ഡയറക്ടർ, കയർ ഫെഡ്
20 ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്